# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരവാരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/341/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരവാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/341/2023 തീയ്യതി: 27/03/2023

# തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 17-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 72 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-02-2023 | 28-02-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ശ്രീദേവി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ് എം, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി ആർ വി, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷിബുലാൽ വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു ആർ എസ് | സെക്രട്ടറി | 01-04-2021 | 31-05-2021 |

| | | | |
|---|---|---|---|
| ശ്രീ എം ഫൈസൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 21-06-2021 |
| ശ്രീമതി അജില യു എസ് | സെക്രട്ടറി | 22-06-2021 | 24-12-2021 |
| ശ്രീ എസ് ആർ സന്തോഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ | ICDS സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി സജനി | ICDS സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ഡോ ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ഫസീല | മെഡിക്കൽ ഓഫീസർ, PHC | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജലിദേവി | ഫിഷറീസ് ഓഫീസർ | 01-04-2021 | 13-07-2021 |
| ശ്രീ വിഷ്ണു | ഫിഷറീസ് ഓഫീസർ | 14-07-2021 | 31-03-2022 |
| ശ്രീ അജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 02-09-2021 |
| ശ്രീ ആസിഫ് ഖാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 03-09-2021 | 31-03-2022 |
| ശ്രീമതി വിൻസ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്കല | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ ഫൈസൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ സന്തോഷ് എസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 09-07-2021 | 31-03-2022 |
| ശ്രീമതി ആശ വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 06-08-2021 |
| ശ്രീ സന്തോഷ് രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-08-2021 | 31-03-2022 |
| ശ്രീമതി ജയലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിനി ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ആശ എസ്.ജെ | വെറ്ററിനറി സർജൻ | 01-04-2021 | 11-04-2021 |
| ഡോ.ഡാലിയ | വെറ്റിനറി സർജൻ | 12-04-2021 | 30-11-2021 |
| ഡോ. കൃഷ്ണ കുമാർ | വെറ്റിറിനറി സർജൻ | 01-12-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-2-1 |
| 4 | വാർഷിക ധനകാര്യപത്രിക | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | മരണ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കാത്തതിനാൽ സാമൂഹ്യ സുരക്ഷ പെൻഷൻ മരണശേഷവും അനുവദിക്കുന്നു | 1-5-1 |
| 8 | ക്ഷേമപദ്ധതികൾ | 1-5 |
| 9 | ക്യാഷ് ബാലൻസ് | 1-6 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-10 |
| 14 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - കൃത്യത പരിശോധിക്കാനായിട്ടില്ല | 1-11 |
| 15 | കടമുറി വാടക – വരവ് തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല | 1-12 |
| 16 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-13 |
| 17 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 18 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-15 |
| 19 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-16 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ | 1-17 |
| 21 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-18 |
| 22 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-19-1 |
| 23 | കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല | 1-19-2 |
| 24 | ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുക്കുന്നില്ല | 1-19-3 |
| 25 | അനധികൃത കെട്ടിടങ്ങളുടെ വിവരം പൂർണമല്ല | 1-19-4 |
| 26 | കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല | 1-19-5 |
| 27 | വിമുക്ത ഭടൻമാർക്കുള്ള വസ്തു നികുതി ഒഴിവാക്കൽ-അപാകത | 1-19-6 |
| 28 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-19-7 |
| 29 | മിസ്സിംഗ് ഡോർ നമ്പർ സംബന്ധിച്ച് | 1-19-8 |
| 30 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപാകതകൾ | 1-19-9 |
| 31 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-19-10 |
| 32 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-19-11 |
| 33 | നമ്പറിംഗ് ഫയലുകളുടെ പരിശോധന | 1-19-12 |
| 34 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-19 |
| 35 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-20-1 |
| 36 | തൊഴിൽ നികുതി- വിവിധ അപാകതകൾ | 1-20-2 |
| 37 | തൊഴിൽ നികുതി | 1-20 |
| 38 | ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 39 | ഇ-ടെണ്ടർ-ടെണ്ടർഫോറം വില പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല | 1-22 |
| 40 | അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ | 1-23 |

| | | |
|---|---|---|
| 41 | ടേക്ക് എ ബ്രേക്ക് പ്രോജക്ട് - ലക്ഷ്യം കൈവരിച്ചില്ല | 1-24 |
| 42 | തെരുവുവിളക്ക് പുനരുദ്ധാരണം - ചെലവുരേഖകൾ ലഭ്യമല്ല - 294400/-രൂ തടസ്സപ്പെടുത്തുന്നു | 1-25 |
| 43 | SLI പ്രീമിയം നിരക്കുകൾ സർക്കാർ ഉത്തരവിനനുസൃതമായി ഈടാക്കുന്നില്ല | 1-26 |
| 44 | പൊതുടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല – തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നു | 1-27 |
| 45 | ദുരിതാശ്വാസനിധി പ്രവർത്തനക്ഷമമല്ല | 1-28 |
| 46 | പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-29 |
| 47 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല –3333005 /- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 48 | രേഖകൾ ഹാജരാക്കിയില്ല – 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 49 | വാഹനങ്ങളുടെ വിവരങ്ങൾ "VEELS"ൽ രേഖപ്പെടുത്തിയിട്ടില്ല | 1-32 |
| 50 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-33 |
| 51 | ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ് | 1-34 |
| 52 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ | 1-35 |
| 53 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല | 1-36 |
| 54 | ആശ്രയ പദ്ധതി - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ 75000/- രൂപ തടസ്സം ചെയ്യുന്നു. | 1-37 |
| 55 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -ചെലവ് രേഖകളുടെ അഭാവത്തിൽ 1,13,635/- രൂപ തടസ്സം | 1-38 |
| 56 | പട്ടികജാതി വനിതാസ്വയം തൊഴിൽ സംഘത്തിന് ധനസഹായം - 1,70,000/- രൂപ തടസ്സം ചെയ്യുന്നു. | 1-39-1 |
| 57 | പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ ധനസഹായം - 1,50,000/- രൂപ തടസ്സം ചെയ്യുന്നു. | 1-39-2 |
| 58 | വനിതകൾക്ക് സ്വയം തൊഴിൽ - പദ്ധതികൾ - അപാകങ്ങൾ | 1-39 |
| 59 | ബഡ്സ് റീഹാബിലിറ്റേഷന്റെ സെന്ററിന് അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-40 |
| 60 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-41 |
| 61 | ഭവനനിർമ്മാണ/ പുനരുദ്ധാരണ പദ്ധതികൾ - നടത്തിപ്പിലെ അപാകതകൾ | 1-42 |
| 62 | കുടുംബക്ഷേമ ഉപകേന്ദ്രത്തിന് ടോയ്ലറ്റ് നിർമ്മാണം - പണി പൂർത്തിയാക്കിയതിന് ഡോർ സ്ഥാപിച്ചിട്ടില്ല | 1-43 |
| 63 | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - 114826 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട് | 1-44 |
| 64 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - അവലോകനം | 1-45 |
| 65 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-46 |
| 66 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ അനുവദിച്ചിരുന്ന തുക അധികരിച്ച് ചെലവ് ചെയ്തു | 1-47 |
| 67 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി ജി.എസ്.ടി, ടി.ഡി.എസ് കുറവ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-48 |
| 68 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - 45936 രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല | 1-49 |
| 69 | കുടുംബാരോഗ്യകേന്ദ്രം - ലാബ് തുടർപ്രവർത്തനങ്ങൾ പ്രോജക്ട് അപാകതകൾ | 1-50 |
| 70 | സാന്ത്വന പരിചരണം പ്രോജക്ട് അപാകതകൾ | 1-51 |
| 71 | പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-52 |
| 72 | വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധന | 1-53 |
| 73 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് | 1-54 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 20.02.2021 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14380980 |
| വരവ് | 451150942 |
| ആകെ | 465531922 |
| ചെലവ് | 454404129 |
| നീക്കിയിരിപ്പ് | 11127793 |

2021-22 ലെ പുതുക്കിയ ബജറ്റ് 26.03.2022 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-1-1 ബജറ്റ് അപാകതകൾ

എ) ബജറ്റ് രൂപീകരണം

1. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

എ) പെർഫോമൻസ് ബജറ്റ് (Annexure 10)

ബി) ജെൻഡർ ബജറ്റ്(Annexure 11)

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിക്കേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വാർഷിക

അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ 4 ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/22.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ബി) <u>ബജറ്റ് വകതിരുത്തൽ-ചെലവ്</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയോ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിലും റിവൈസ്ഡ് ബജറ്റിലും വകയിരുത്തിയതിനെക്കാൾ കൂടുതൽ/ വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2523001 | - | - | 746489 |
| 2 | 2542001 | 75550000 | 75550000 | 113519680 |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/23.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബജറ്റിലുണ്ടായ ഇത്തരം പൊരുത്തക്കേടുകൾ പഞ്ചായത്ത് കമ്മിറ്റിയിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## <u>1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ</u>

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4/21.02.2023, 40/24.02.23 എന്നിവയ്ക്ക് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞവ സാംഖ്യ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നും വകുപ്പ്തലത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്താൻ സോഫ്റ്റ്‌വെയറിൽ കഴിയുന്നില്ലെന്നും വരുംവർഷങ്ങളിൽ സോഫ്റ്റ്‌വെയർ ക്രമീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

3. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ മൂല്യനിർണയം സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ലായെന്നും ആയത് ഉൾപ്പെടുത്തുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

4. ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | ഹെഡ് കോഡ് | ഇനം |
|---|---|---|
| 1 | 411300101 | Accumulated Depreciation-Roads & Bridges |
| 2 | 411310101 | Accumulated Depreciation-Sewerage & Drainage |
| 3 | 411320101 | Accumulated Depreciation-Waterways |
| 4 | 411330101 | Accumulated Depreciation-Public Lighting |

മേൽ അപാകത സോഫ്റ്റ്‌വെയർ ക്രമീകരിച്ച് വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5. B-11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B-11 പ്രകാരം ആസ്തിയുടെ മൂല്യം | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 390486 | (2032606) |

മുൻ വർഷങ്ങളിൽ മറ്റ് ഡിപ്രീസിയേഷൻ ഹെഡ്ഡുകളിൽ രേഖപ്പെടുത്തേണ്ടിയിരുന്ന തുകകൾ മേൽ ഇനത്തിന്റെ ഡിപ്രീസിയേഷൻ ഹെഡ്ഡിൽ ഉൾപ്പെടുത്തിതുക്കൊണ്ടാണ് അപാകത സംഭവിച്ചതെന്നും സോഫ്റ്റ്‌വെയർ ക്രമീകരിച്ച് വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

6. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്കുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 334050/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയതിൽ മേൽ തുകയിൽ 317992 രൂപ 2017-18 വർഷം ചെലവഴിച്ചിട്ടുണ്ടെന്നും ജേണൽ ചെയ്യാത്തതിനാൽ സാങ്കേതിക പിഴവ് മൂലം ചെലവിൽ ഉൾപ്പെടാതെ പോയതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ബാക്കി തുകയിൽ 14586 രൂപ ഒഴികെയുള്ളത് 2022-23 ൽ ചെലവഴിച്ചിട്ടുള്ളതാണെന്നും 2017-18 ലെ ചെലവ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത 14586 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും 2021-22 വർഷത്തെ ബാലൻസ് ഷീറ്റിലും 341300101 – Deposit Works - Others എന്ന ഹെഡ്ഡിൽ 50000 രൂപയും 350800199 – Other Creditors എന്ന ഹെഡ്ഡിൽ 250000 രൂപയും നീക്കിയിരിപ്പ് കാണുന്നു.

50000 രൂപ തിരികെ ലഭിക്കുന്നതിന് റിലയൻസിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ പാറമടകളിൽ നിന്നും ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കായി വിവിധ സ്വകാര്യ ക്വാറികളിൽ നിന്നും ലഭിച്ച 250000 രൂപ പദ്ധതി തയ്യാറാക്കി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ പ്രാവർത്തികമാക്കേണ്ടതാണ്.

8. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയറിൽ അതിനുള്ള ക്രമീകരണമില്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തത് എന്ന് അറിയിച്ചിരിക്കുന്നു.

9. 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ലായെന്നും ആയത് പരിഹരിച്ച് കൃത്യത വരുത്തി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പൂർത്തിയാക്കിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

10. വളർത്തു നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി ഇനത്തിൽ 2021-22 വർഷം 260 രൂപയുടെ വരവാണ് ഉള്ളത്. എന്നാൽ വാർഷിക കണക്കിൽ 140110109 ഹെഡ്ഡിൽ 330 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്റ്ററിൽ എല്ലാ വരവുകളും ഉൾപ്പെടാത്തതാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചിരിക്കുന്നു.

11. പഞ്ചായത്ത് വക നീന്തൽക്കുളത്തിന്റെ വരവ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തെ ആകെ വരവ് 25500 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 130400101 ഹെഡ്ഡിൽ 24000 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസമുള്ള 1500 രൂപ മറ്റൊരു ഹെഡ്ഡിലാണ് ഒടുക്കിയിട്ടുള്ളതെന്നും അക്കൗണ്ടിംഗിലെ വീഴ്ച വരുംവർഷങ്ങളിൽ വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

12. MGNRES ന്റെ ഇഎഫ് എംസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 54679000 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ I-14(A) പ്രകാരമുള്ള ആകെ ചെലവ് തുക 54709957 രൂപയാണ്. കൂടാതെ ടി തുക I-6 പ്രകാരമുള്ള വരവ് തുകയുമായി (54709939) പൊരുത്തപ്പെടുന്നില്ല. മറുപടി പ്രകാരം ഇഎഫ് എംസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 53990241 രൂപയാണ്. എന്നാൽ ലഭ്യമാക്കിയനഇഎഫ് എംസ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക 54679000 രൂപയാണ്. കൂടാതെ വാർഷിക ധനകാര്യപത്രികയിൽ I-14(A) ഉം I-6 ഉം തമ്മിലുള്ള വ്യത്യാസമായി കാണുന്ന 18 രൂപ ബാങ്ക് ചാർജ്ജാണെന്നും മേൽ പൊരുത്തക്കേട് 2022-23 ൽ ആയത് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

13. ലഭ്യമാക്കിയ 2021-22 ലെ പാർട്ട് ബില്ലുകൾ പ്രകാരം Capital Work In Progress 1874029 രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(A) ഷെഡ്യൂളിൽ പ്രസ്തുത ഹെഡ്ഡിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

14. 2020-21, 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡുകളിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പൂജ്യം ആണ്. പ്രസ്തുത അക്കൗണ്ടുകൾ നിലവിൽ ആക്ടീവാണോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | അക്കൗണ്ടിന്റെ പേര് |
|---|---|---|
| 1 | 450220109 | Scheduled Bank – Own Fund |
| 2 | 450230102 | DCB KALLAMBALAM 37 |
| 3 | 450230103 | DCB KALLAMBALAM 3420 |
| 4 | 450230104 | DCB KALLAMBALAM 1150 |
| 5 | 450230105 | DCB KALLAMBALAM 1487 |
| 6 | 450250110 | Treasury TSB A/C |
| 7 | 450250201 | Treasury A/C - COVID |
| 8 | 450430101 | Co-Operative Bank-Presidents Relief Fund 5138 |

| | | |
|---|---|---|
| 9 | 450430103 | Co-Operative Bank-Own Fund 3 |
| 10 | 450610103 | Indian Bank Literacy |
| 11 | 450630101 | DCB KALLAMBALAM GF 3427 |

മേൽപ്പറഞ്ഞവ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ചർച്ച ചെയ്ത് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16331793 | 16331793 | 16568463 | -236670 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11966799 | 11966799 | 9785672 | 2181127 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| വികസനഫണ്ട് (CFC Tied) | 0 | 8623000 | 8623000 | 1575024 | 7047976 |
| വികസനഫണ്ട് (CFC Untied) | 0 | 4147979 | 4147979 | 3077582 | 1070397 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 27116900 | 27116900 | 12076385 | 15040515 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 9202424 | 9202424 | 5227369 | 3975055 |

1. വിവിധ ഫണ്ട് ഇനങ്ങളുടെ ചെലവിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 16568463 |
| | ACR | 15520628 |
| | Accounts | 14365397 |
| Development Fund (SCP) | Grant Statement | 9785672 |
| | ACR | 10067794 |
| | Accounts | 9859006 |
| Maintenance Fund (Road) | Grant Statement | 12076385 |
| | ACR | 14077058 |
| | Accounts | 12076385 |
| Maintenance Fund (Non Road) | Grant Statement | 5227369 |
| | ACR | 5376869 |
| | Accounts | 5227369 |
| Development Fund (CFC UnTied) | Grant Statement | 3077582 |
| | ACR | 3291138 |
| | Accounts | 3077582 |
| Development Fund (CFC Tied) | Grant Statement | 1575024 |
| | ACR | 1653024 |
| | Accounts | 1575024 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ട്, സ്റ്റേറ്റ് സ്പോൺസേഡ് സ്കീം എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. അവയുടെ വരവ് 0 ഉം നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസുമാണ്. കൂടാതെ ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് (-236670) ആണ്.

3. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 20080395 | 7899525 | 39.34 |
| | പട്ടികജാതി | 2039400 | 1177700 | 57.75 |
| സേവനം | പൊതുവിഭാഗം | 69727561 | 27792141 | 39.86 |
| | പട്ടിക ജാതി | 37556906 | 9749642 | 25.96 |
| പശ്ചാത്തലം | പൊതുവിഭാഗം | 36926383 | 16492777 | 44.66 |
| | പട്ടിക ജാതി | 2086000 | 1160321 | 55.62 |

4. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാൻ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി വകയിരുത്തിയ ആകെ 12698801 രൂപയിൽ 9785672 രൂപയാണ് ചെലവഴിച്ചത്. 23% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

5. 2021-22 വർഷം ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 163/22 | 16085 | വിഇഒ |
| 2 | 269/22 | 214435 | അസി.എഞ്ചിനിയർ |
| 3 | 103/22 | 549215 | അസി.എഞ്ചിനിയർ |
| 4 | 64/22 | 400000 | ഹെഡ് മാസ്റ്റർ |
| 5 | 147/22 | 200000 | ഹെഡ് മാസ്റ്റർ |
| 6 | 149/22 | 200000 | ഹെഡ് മാസ്റ്റർ |

6. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ടുന്ന തുകയ്ക്ക് അനുസൃതമായി ആശ്രയ പദ്ധതിയ്ക്കായി 250000/-രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങി തൻവർഷം 2 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഒരെണ്ണം നടപ്പാക്കിയിട്ടില്ല. വകയിരുത്തിയ ആകെ 250000/-രൂപയിൽ വെറും 75000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

7. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2020-21 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2021-22 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 225250 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700205 | 143773 | ജില്ലാപഞ്ചായത്ത് |

8. 2020-21 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2021-22 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | തുക | ഇനം |
|---|---|---|---|
| 1 | 320200301 | 12000 | State Sponsord Scheme |
| 2 | 320300309 | 1050 | Literacy Scheme Grant |
| 3 | 320500101 | 25000 | Capital Expenditure From Welfare Bodies |
| 4 | 320700404 | 1064282 | Block Panchayath -Revenue Expenditure |
| 5 | 320900299 | 200000 | Other Awards From State Govt. |
| 6 | 320100126 | 15231 * | PYCKA |

* 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 14822 രൂപ കൂടി ഉൾപ്പെട്ടത്.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/23.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം GO പ്രോജക്ടുകൾ ജേണൽ വൗച്ചർ മുഖേന രേഖപ്പെടുത്തുന്നതിനാൽ അക്കൗണ്ട്സിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിക്കാത്തതുക്കൊണ്ടും 31.03.22 ന് റികിസിഷൻ രേഖപ്പെടുത്തിയ പല ട്രഷറി ബില്ലുകളും മാറാത്തതിനാൽ ചെലവാകാതെ ക്യൂ ബിൽ ആയിട്ടുള്ളതിനാലാണ് എസിആർ മായി

പൊരുത്തപ്പെടാത്തതെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ വരും വർഷങ്ങളിൽ ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 7 | 7 | 0 | 100 | 7294569 | 2839189 | 38.9 |
| Ii | വെറ്റിനറി സർജൻ | 17 | 16 | 1 | 94.1 | 9787500 | 4734630 | 48.4 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 8 | 7 | 1 | 87.5 | 4301672 | 3829044 | 89 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 0 | 100 | 985000 | 985000 | 100 |
| V | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 0 | 100 | 2230000 | 325016 | 14.5 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 11 | 10 | 1 | 91 | 61227640 | 12602364 | 21 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 5 | 4 | 1 | 80 | 5510000 | 2537685 | 46 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 7411755 | 5466098 | 73.7 |
| Ix | സെക്രട്ടറി | 35 | 27 | 8 | 77.1 | 13757557 | 11396831 | 82.8 |
| X | എച്ച്.എം. | 9 | 5 | 4 | 55.5 | 1684456 | 429447 | 25.5 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 34 | 49 | 41 | 47676070 | 15697606 | 33 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 2 | 1 | 67 | 2218376 | 944277 | 42.6 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 18 | 16 | 2 | 88.9 | 43322050 | 2484919 | 57.4 |
| ആകെ | | 185 | 123 | 62 | 66.5 | 168416645 | 64272106 | 38 |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 38 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 വകയിരുത്തിയ ഫണ്ടിന്റെ 21 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 83 പ്രോജക്ടുകളിൽ 49 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 33 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) സെക്രട്ടറി അംഗീകാരം വാങ്ങിയ 35 പ്രോജക്ടുകളിൽ 8 എണ്ണം നടപ്പാക്കിയില്ല. സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പേരിൽ പുതിയ 2 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നു.

ഡി) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് അംഗീകാരം ലഭിച്ച എല്ലാ പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 14.5 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

ഇ) ഹെഡ് മാസ്റ്റർ വകയിരുത്തിയ ഫണ്ടിന്റെ 25.5 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.
ലഭ്യമാകുന്ന ഫണ്ടിനങ്ങൾ പരമാവധി ഫലപ്രദമായി ചെലവഴിച്ച് വികസനം, ക്ഷേമം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | SO222/22 | ഐസിഡിഎസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 2 | SO138/22 | സെക്രട്ടറി |
| 3 | SO190/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | SO185/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | SO186/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | SO176/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | SO177/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | SO179/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 9 | SO206/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 10 | SO194/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 11 | SO198/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 12 | SO201/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 13 | SO203/22 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 14 | SO147/22 | ഹെഡ്മാസ്റ്റർ |
| 15 | SO149/22 | ഹെഡ്മാസ്റ്റർ |
| 16 | SO160/22 | ഡയറി ഫാം ഇൻസ്ട്രക്ടർ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 57/25.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 18.02.21 ൽ ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. ചർച്ച ചെയ്ത വിഷയങ്ങളും കൈകൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. എന്നാൽ 2020-21 ലെ ആസൂത്രണ സമിതി തന്നെയാണ് 2021-22 ലും തുടർന്നതെന്ന് ഓഡിറ്റ് അന്വേഷണം നം.19/22.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 02.02.22, 16.02.22 തീയതികളിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (ഓഡിറ്റ് അന്വേഷണം നം.19/22.02.23 നുള്ള മറുപടി പ്രകാരം) |
|---|---|---|---|---|
| 1 | ആരോഗ്യം | 02.02.2021 | പിഎച്ച്സി തോട്ടയ്ക്കാട് സബ് സെന്ററിന് കെട്ടിടം അനുവദിക്കുക<br>ആയുർവേദ ആശുപത്രിയിൽ ഔഷധസസ്യതോട്ടം നിർമ്മിക്കുക | പുതിയ കെട്ടിടം എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.<br>ഔഷധസസ്യങ്ങൾ വെച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| 2 | വിദ്യാഭ്യാസം, സംസ്കാരം, കല, കായിക വികസനം, യുവജനക്ഷേമം | 02.02.2021 | എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുക<br>സ്കൂളുകളിൽ സോളാർ പാനലുകൾ നിർമ്മിക്കുക | അടുത്ത വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. |
| 3 | വനിതാ വികസനം | 16.02.2021 | സൗജന്യ പിഎസ്സി കോച്ചിംഗ് സെന്റർ സ്ഥാപിക്കുക<br>വനിതാ ഹോളോബ്രിക്സ് കമ്പനി കുടുംബശ്രീ വഴി നടപ്പിലാക്കുക | അടുത്ത വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. |
| 4 | പൊതുഭരണവും ധനകാര്യവും | 16.02.21 | പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾക്ക് ഫീസ് ഈടാക്കുന്നതിനുള്ള ബൈലോ നടപ്പിലാക്കുക | പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനെതിരെ ഹൈക്കോടതി വിധി ഉള്ളതിനാൽ പരസ്യ ബോർഡുകൾക്ക് ഫീസ് ഈടാക്കുന്നതിനുള്ള ബൈലോ നടപ്പിലാക്കാൻ കഴി ഞ്ഞിട്ടില്ല. |
| 5 | പ്രകൃതി സംരക്ഷണം | 02.02.21 | ഓരോ വാർഡിലും ദുരന്തകർമ്മസേന രൂപീകരിക്കുക | രൂപീകരിച്ചിട്ടുണ്ട് |

3. <u>സ്റ്റാൻഡിംഗ് കമ്മിറ്റി</u>

സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ തീരുമാനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി നല്കുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് , അവലോകനങ്ങൾ ഇവ അജണ്ടകളിൽ ഉൾപ്പെടുത്തുന്നില്ല. ഘടകസ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ, ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ എന്നിവ മിനുട്സ് ചെയ്യപ്പെടുന്നില്ല.

4. <u>വികസന സെമിനാർ</u>

2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 19.02.21 ന് കൂടിയ വികസന സെമിനാറിന്റെ മിനിട്സ് പരിശോധിച്ചതിൽ മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല എന്നു കാണുന്നു.

മറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മിനിട്സ് കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## <u>1-5-1 മരണ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കാത്തതിനാൽ സാമൂഹ്യ സുരക്ഷ പെൻഷൻ മരണശേഷവും അനുവദിക്കുന്നു</u>

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ കരവാരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും , മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുകയും ചെയ്യുന്നവരുടെ മരണ വിവരം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ യഥാസമയം അറിയിക്കാത്തതിനാൽ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് / പെൻഷൻ കൈപ്പറ്റുന്ന പഞ്ചായത്ത് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | സ്റ്റാറ്റസ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | 103650200858 | ലളിത, ചിതറ ഗ്രാമപഞ്ചായത്ത് | 27/08/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09/2021 മുതൽ 11/2022 വരെ | ആക്ടീവ് | 24000/- ( 15 X 1600) |
| 2 | 101720204708 | വിജയകുമാർ ആർ, വർക്കല മുനിസിപ്പാലിറ്റി | 05/03/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04/2021 മുതൽ 09/22 വരെ | സസ്പെൻഡ് | 27200/- (17 X 1600) |
| 3 | 102380203809 | വിമല.കെ, നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 11/05/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/21 മുതൽ 11/22 വരെ | ആക്ടീവ് | 10800 (18X600) |
| 4 | 102300201727 | അശോകൻ വി , ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | 17.06.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/2021 മുതൽ 11/2022 വരെ | ആക്ടീവ് | 27200 ( 17X1600) |
| 5 | 102440200049 | ലക്ഷ്മി, കിഴുവിലം ഗ്രാമപഞ്ചായത്ത് | 15.06.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/2021 മുതൽ 11/2022 വരെ | സസ്പെൻഡ് | 27200 ( 17X1600) |

മേൽ പട്ടികയിലെ ക്രമ നം. 1,3,4 ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് മരണശേഷവും ആക്ടീവ് ആണ്. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും , മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുകയും ചെയ്യുന്നവരുടെ മരണ വിവരം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ യഥാസമയം അറിയിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( 3/20.02.2023) നൽകിയതിനെ തുടർന്ന് പ്രസ്തുത വ്യക്തികളുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യുന്നതിനും അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി അതത് തദ്ദേശ സ്വയംഭരണ മേധാവികൾക്ക് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരവാരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും , മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുകയും ചെയ്യുന്നവരുടെ മരണ വിവരം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ യഥാസമയം അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 8975300 | 343 |
| വിധവ പെൻഷൻ | 34908900 | 1709 |
| വാർദ്ധക്യകാലപെൻഷൻ | 59226000 | 3116 |
| വികലാംഗപെൻഷൻ | 9673900 | 451 |
| വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 581500 | 26 |

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2023 തീയതിയിൽ 10.12AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1266/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപറയുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി അപാകം പരിഹരിക്കേണ്ടതാണ്.

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ 6 തവണ മാത്രമാണ് ഇത്തരത്തിലുള്ള യോഗം ചേർന്നിട്ടുള്ളത്.

2)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. പെൻഷൻ വിതരണ രജിസ്റ്ററുകളൊന്നും ആധികാരികമല്ല.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്ട് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. രജിസ്റ്ററുകൾ പലതും നിർവ്വഹണോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

6) പഞ്ചായത്തിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങളുടെയും മറ്റു സാധനസാമഗ്രികളുടെയും സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

9)പ്രൊക്വയർമെന്റ് കമ്മിറ്റി സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നില്ല.

10)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

11)ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ പലതും ഡി & ഒ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

12) ലേല ഡയറികൾ, കടമുറികളുടെ വാടക എന്നിവ സംബന്ധിച്ച യാതൊരുവിധ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡി സി ബി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28974 | 692843 | 721817 | 719716 | 2101 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 53990241* | 53990241 | 53990241 | 0 |
| ആകെ | 28974 | 54683084 | 54712058 | 54709957 | 2101 |

***RP** -16 പ്രകാരം ചെലവ് 719716/- രൂപയാണ്. ട്രയൽ ബാലൻസ് പ്രകാരം ചെലവ് 719698/- രൂപയാണ്. 18/- രൂപയുടെ വ്യത്യാസം കാണുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.12.2021 മുതൽ 07.12.2021 വരെ | 01.01.2021 മുതൽ 31.07.2021 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.07.2017 മുതൽ 02.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 15.09.2017 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.സാംഖ്യ രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാള്യം 1 ആർട്ടിക്കിൾ 90 (ബി) കുറിപ്പ് 2, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 83 എന്നിവ പ്രകാരം രസീത് ബുക്കുകൾ ലഭിച്ച ഉടൻതന്നെ എണ്ണുകയും നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ ചേർക്കേണ്ടതും, ക്രമനമ്പർ അടിസ്ഥാനത്തിൽ ഇഷ്യൂ ചെയ്യേണ്ടതുമാണ്. രസീതി ബുക്കുകൾ ഉപയോഗിക്കാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

സാംഖ്യ ക്യാഷ് രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പാലിക്കുന്നില്ല. രസീതികൾ DDP യിൽ നിന്നും വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്യാഷ് കൗണ്ടറിൽ ഇഷ്യൂ ചെയ്തത് സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

2. ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ക്യാൻസൽ ചെയ്ത രസീതുകളിൽ സെക്രട്ടറി കാരണം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ക്യാൻസൽ ചെയ്ത ചില രസീതുകളിൽ സെക്രട്ടറി കാരണം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 121010100367 | 21/04/2021 | വസ്തു നികുതി | 804/- |
| 121010100409 | 23/04/2021 | വസ്തു നികുതി | 273/- |
| 121010100609 | 30/04/2021 | വസ്തു നികുതി | 425/- |
| 121010100995 | 08/07/2021 | ഗുണഭോക്തൃ വിഹിതം | 1925/- |
| 121010100998 | 08/07/2021 | വസ്തു നികുതി | 340/- |
| 121010101038 | 12/07/2021 | വസ്തു നികുതി | 49/- |

| | | | |
|---|---|---|---|
| 121010103094 | 04/12/2021 | പെർമിറ്റ് ഫീ | 1078/- |
| 121010103565 | 08/12/2021 | വസ്തു നികുതി | 172/- |
| 121010105175 | 01/01/2022 | രജിസ്ട്രേഷൻ ഫീ | 25/- |
| 121010106979 | 23/03/2022 | വാടക | 6542/- |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 59/25.02.2023 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - കൃത്യത പരിശോധിക്കാനായിട്ടില്ല

01.03.2021 -ലെ 6(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഞാറയ്ക്കാട്ടുവിള പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2650/- രൂപയ്ക്ക് ശ്രീ.നവാസ്, ചരുവിള വീട് എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത ലേലത്തിന്റെ ലേല ഡയറി, ലേലം കൊണ്ടയാൾ തുക അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വഞ്ചിയൂർ പബ്ലിക് ഗേറ്റ് ഫീസ് പിരിവ്, തോട്ടയ്ക്കാട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്നിവ ഏപ്രിൽ, മെയ് മാസങ്ങളിൽ നേരിട്ട് നടത്തുകയായിരുന്നു. മെയ് 2021 മുതൽ നവംബർ 2021 വരെ കോവിഡ് സാഹചര്യത്തിൽ ചന്ത പ്രവർത്തിച്ചിരുന്നില്ല. തുടർന്നും 01.12.2021 തീയതിയിലെ 18(1) നമ്പർ തീരുമാന പ്രകാരം വഞ്ചിയൂർ പബ്ലിക് ഗേറ്റ് ഫീസ് പിരിവ്, തോട്ടയ്ക്കാട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്നിവ നേരിട്ട് പിരിവ് നടത്തുന്നതിന് അനുമതി നൽകിയിരുന്നു.

വഞ്ചിയൂർ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നടത്തിയതിൽ 10.12.2021 മുതൽ 24.01.2022 വരെയുള്ള രസീതുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. തോട്ടയ്ക്കാട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നടത്തിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം മാർക്കറ്റ് ഗേറ്റ് ഫീസ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 39975/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വരവായി ലഭിച്ചതിന്റെ ആധികാരികത തെളിയിക്കുന്നതിനായി ബന്ധപ്പെട്ട രസീതുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 20/22.02.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മാർക്കറ്റ് ഗേറ്റ് ഫീസ് പഞ്ചായത്ത് നേരിട്ട് നടത്തിയതിന്റെ രസീത് ബുക്കുകളും , കളക്ഷൻ രജിസ്റ്ററും ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിരുന്നു. രസീത് ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ വ്യക്തത ഇല്ലാത്തതിനാലും പിരിവ് തുകകൾ സംബന്ധിച്ച വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലും മാർക്കറ്റ് ഗേറ്റ് ഫീസിനത്തിൽ ആകെ ലഭിച്ച തുക 39975/- രൂപയാണെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഇഷ്യു ചെയ്ത രസീത് ബുക്കുളുടെ വിശദാംശങ്ങളോടൊപ്പം, രസീത് പ്രകാരമുള്ള തുകകൾ കളക്ഷൻ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രികയിലെ വരവ് തുകയായ 39975/- രൂപയുടെ ആധികാരികത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഞാറയ്ക്കാട്ടുവിള പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2650/- രൂപയ്ക്ക് ശ്രീ.നവാസ്, ചരുവിള വീട് എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകിയിരുന്നുവെങ്കിലും കോവിഡ് സാഹചര്യത്തിൽ മാർക്കറ്റുകൾ പ്രവർത്തിക്കാത്തതിനാൽ ടിയാൻ ലേലതുക അടവാക്കിയിട്ടില്ലായെന്നും ലേല തുക അടവാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കടമുറി വാടക – വരവ് തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല

പഞ്ചായത്ത് ലഭ്യമാക്കിയ വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ എണ്ണം, വാടകയ്ക്ക് കൊടുത്തവയുടെ എണ്ണം, വാടക എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ എണ്ണം. ( സ്ഥിതി ചെയ്യുന്ന സ്ഥലം, കടമുറി നമ്പർ), വാടകയ്ക്ക് കൊടുത്തവയുടെ എണ്ണം, വാടകയ്ക്ക് കൊടുക്കാത്തവയുണ്ടെങ്കിൽ കാരണം, കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, കടമുറികൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച ഭരണസമിതി തീരുമാനം, 2021-22 സാമ്പത്തികവർഷം കടമുറി വാടക ഇനത്തിൽ ലഭിച്ച തുകയുടെ വിവരം, 2021-22 സാമ്പത്തിക വർഷം വാടക ഇളവ് നൽകിയത് സംബന്ധിച്ച വിവരം/ ഭരണസമിതി തീരുമാനം എന്നിവയുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 35/22.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 16404/- രൂപ തൻവർഷത്തെ വാടകയായും 52080/- രൂപ അഡ്വാൻസ് വാടകയായും ആകെ 68484/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്നതിനായി കടമുറി വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര്, പ്രതിമാസ വാടക, അടവാക്കിയ തുക, രസീത് നമ്പർ / തീയതി എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2021-22 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾക്ക് ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 45/24.02.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

ആയതിനാൽ പഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രികയിൽ ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷൻ ചെയ്ത ഇനത്തിൽ 50/- രൂപ വരവ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കകയോ തൻവർഷം രജിസ്റ്റർ ചെയ്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും അവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/22.02.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും, ആയത് തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | |
|---|---|---|---|
| | | സ്വകാര്യം | മറ്റുള്ളവ |
| 1 | ഡയറിഫാം | 5 | - |
| 3 | ഇറച്ചിക്കോഴി | 2 | - |
| 4 | മുട്ടക്കോഴി | 2 | - |

ഇവയ്ക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുനന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 32/23.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ലൈവ്സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 941 നായകളിൽ 300 നായകൾക്ക് ലൈസൻസ് അനുവദിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 26 നായകൾക്ക് ലൈസൻസ് എടുത്തതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ 330 നായകൾക്ക് ലൈസൻസ് നൽകിയതായാണ് വ്യക്തമാകുന്നത്. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 31/23.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വെറ്ററിനറി ആശുപത്രിയിൽ നിന്നും വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം ശേഖരിച്ച് പഞ്ചായത്ത് പരിധിയിലെ വളർത്തുനായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ

**1)ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല**

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**2)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല**

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും 2021-22വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമയുടെ പേര് | വാർഡ് നം / കെട്ടിട നം | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | അശോക കുമാർ.ആർ | 14/403 | കൗസ്തുഭം ഫാൻസി സെന്റർ |

| | | | |
|---|---|---|---|
| 2 | ഷാജി | 15/111 | ഷാജി റബ്ബർ ട്രേഡേഴ്സ് |
| 3 | ദിലീപ് ബി | 10/96 | മാസ്റ്റർ പ്രിന്റേഴ്സ് പ്രിന്റിങ് പ്രസ് |
| 4 | ശരൺകുമാർ | 17/305,306,307 | ട്രാവൻകൂർ കോക്കനട്ട് ഓയിൽ മിൽ |
| 5 | പ്രബേഷ്.പി | 8/146 | സി.എസ്.സി ഡിജിറ്റൽ സേവ |
| 6 | ബുഷ്റാ നൗഷാദ് | 4/234 D | Bed & Pillow Stitching Unit |

**3) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിലെ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ സ്ഥാപനങ്ങളുടെ എണ്ണം 1928 ആണ്. എന്നാൽ 246 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2021-22 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്.

**4) ക്വാറികൾക്ക് ലൈസൻസ് - മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.**

ശ്രീ. ആർ.ജെ കരുണാനിധി, കെ.വി ബ്ലൂമെറ്റൽസ് കുഞ്ചക്കവിള ക്വാറി ലെസൻസിനായി ലഭ്യമാക്കിയ അപേക്ഷയിൽ 130 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതായും, ശ്രീ.വി.ശശീന്ദ്രൻ, കിഴക്കുംകരവീട് പാറപൊട്ടിച്ച് ക്രഷറിലേയ്ക്ക് ഉപയോഗിക്കുന്നതിനായുള്ള ലൈസൻസിനായി ലഭ്യമാക്കിയ അപേക്ഷയിൽ 60 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 30/23.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക B-18 ഷെഡ്യൂൾ, ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല എന്നു കാണുന്നു.

1. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡിലെ തുക അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 460100103 | Temporary Advance For Official Purposes | 900 |
| 2 | 460500501 | Advance To Implementing Officers | 215041 |

നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/21.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 900 രൂപ 2017 ൽ കിലയിൽ നടന്ന ട്രെയിനിംഗിന് ടിഎ അഡ്വാൻസ് ഇനത്തിൽ ജനപ്രതിനിധികൾക്ക് നൽകിയിട്ടുള്ളതാണെന്നും ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. 215041 രൂപയിൽ 32581 രൂപ അങ്കണവാടി പോഷകാഹാരത്തിന് വേണ്ടി തനത് ഫണ്ടിൽ നിന്നും നൽകിയതാണെന്നും ടി തുക കേന്ദ്രഫണ്ടിൽ നിന്നും പിൻവലിക്കുന്നതിന് CDPO യ്ക്ക് അറിയിപ്പ് നൽകുന്നതും മുൻവർഷങ്ങളിൽ ബാക്കി നിന്ന 182460 രൂപ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. പരിശോധനയ്ക്ക് ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. 2021-22 വർഷത്തെ Advance To Others, Festival Advance എന്നീ ഇനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് അഡ്വാൻസ് തുക അനുവദിച്ചതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഹെഡ് നം.460509901 – Advance To Others ഇനത്തിന്റെ ലെഡ്ജർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും വൗച്ചർ നം. 22100021/12.04.21 പ്രകാരം (ചെക്ക് നം.5091560/12.04.21) 24848 രൂപ, വൗച്ചർ നം. 22100094/12.05.21 പ്രകാരം (ചെക്ക് നം.5091564/12.05.21) 19200 രൂപ, വൗച്ചർ നം. 22100107/18.05.21 പ്രകാരം (ചെക്ക് നം.5091565/18.05.21) 17248 രൂപ എന്നിങ്ങനെ ആകെ 61296 രൂപ 2021-22 വർഷം ശമ്പളമായി സാക്ഷരതാ പ്രേരക്മാർക്ക് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി വർഷം പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ബി 18 ഷെഡ്യൂളിൽ പ്രസ്തുത തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. മേൽ തുക റീകൂപ്പ് ചെയ്യുന്നതിന് സാക്ഷരതാ ജില്ലാ കോർഡിനേറ്റർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-19-1 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

മേൽ ഉത്തരവ് പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ “സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന്” രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 5/94 C | അബ്ദുൽ അജീജ് സർക്കാർ, ശാലിനി, പുത്തൻവിള വീട് |
| 2 | 6/326 B | ജഗദീഷ്, ശ്രീജ, എം.ജെ.ഭവൻ |
| 3 | 8/116 C | അജയൻ.എസ്, ശാസ്ത വിലാസം |
| 4 | 9/438 B | രാജശേഖരൻ നായർ, പഴവിള പുത്തൻവീട് |
| 5 | 9/196 A | ശാന്തമ്മ, കുന്നുവിള വീട് |
| 6 | 9/196 B | സരസ്വതി, കുന്നുവിള വീട് |
| 7 | 10/72 A | ലിസി.എസ്, ശ്രീ ശങ്കരം |
| 8 | 10/916 A | ശുഭ.എസ്.എസ്, വടക്കതിൽ വീട് |
| 9 | 11/815 A | ഗായത്രി.എം, തിരുവാതിര |
| 10 | 12/322 A | രവീന്ദ്രൻ, ചെറുകോണത്ത് വീട് |

ബി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഡ് 5, 6 എന്നിവ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 5/86 A | ഇന്ദിര, പുത്തൻവിള വീട് |
| | 5/87 A | ഇന്ദിര, പുത്തൻവിള വീട് |
| 2 | 5/97 | ഗോപാലൻ, പുത്തൻവിള വീട് |
| | 5/98 | ഗോപാലൻ, പുത്തൻവിള വീട് |
| 3 | 6/124 | സാബു, കോവിലഴികം |
| | 6/125 | സാബു, കോവിലഴികം |
| 4 | 6/161 A | രമണി, അമ്പലത്തുംവിള വീട് |
| | 6/162 | രമണി, അമ്പലത്തുംവിള വീട് |
| 5 | 6/260 | മദനൻ, സുപ്രഭ, വട്ടവിള വീട് |
| | 6/260 A | മദനൻ, സുപ്രഭ, വട്ടവിള വീട് |
| 6 | 6/431 | കുമാരി, കുഞ്ഞമ്മ നിവാസ് |
| | 6/431 B | കുമാരി, കുഞ്ഞമ്മ നിവാസ് |
| 7 | 6/472 B | ഗിരിജ, സുമി വിലാസം |
| | 6/473 | ഗിരിജ, സുമി വിലാസം |
| 8 | 6/526 | ബേബി, ഷീജാമന്ദിരം |
| | 6/526 A | ബേബി, ഷീജാമന്ദിരം |
| 9 | 6/534 A | ഇയാസ്, ഇയാസ് ഹൗസ് |
| | 6/534 B | ഇയാസ്, ഇയാസ് ഹൗസ് |
| 10 | 6/548 | സരോജിനി അമ്മ, വിളയിൽ വീട് |
| | 6/549 | സരോജിനി അമ്മ, വിളയിൽ വീട് |
| 11 | 6/555 | മോഹനൻ, ആദർശ് ഭവൻ |
| | 6/556 | മോഹനൻ, ആദർശ് ഭവൻ |
| 12 | 6/562 A | അജിതകുമാരി, അനുപമ ഭവൻ |
| | | |

| | | |
|---|---|---|
| | 6/564 | അജിതകുമാരി, അനുപമ ഭവൻ |
| 13 | 6/565 B | ബിനു, ചരുവിള പുത്തൻവീട് |
| | 6/567 | ബിനു, ചരുവിള പുത്തൻവീട് |
| 14 | 6/584 | കൗസല്യ, ചരുവിള പുത്തൻവീട് |
| | 6/584 A | കൗസല്യ, ചരുവിള പുത്തൻവീട് |
| 15 | 6/594 | ശാർങ്ഗദരൻ, ചരുവിള പുത്തൻവീട് |
| | 6/594 A | ശാർങ്ഗദരൻ, ചരുവിള പുത്തൻവീട് |
| 16 | 6/606 | തങ്കമണി, മണിവിലാസം |
| | 6/606 B | തങ്കമണി, മണിവിലാസം |
| 17 | 6/633 | ശാരദ, കൊടിക്കകത്തു വീട് |
| | 6/634 | ശാരദ, കൊടിക്കകത്തു വീട് |
| 18 | 6/643 | രമണി, ഷാജി സദനം |
| | 6/644 | രമണി, ഷാജി സദനം |
| 19 | 6/669 | പുഷ്പ, കൊച്ചുക്കോണത്ത് വീട് |
| | 6/669 B | പുഷ്പ, കൊച്ചുക്കോണത്ത് വീട് |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 68/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-19-2 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്യിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണയിച്ചിട്ടില്ലായെന്നും ഡിമാന്റെ ചെയ്ത എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി പിരിച്ചെടുത്തിട്ടില്ലയെന്നും കാണുന്നു. വാർഡ് 11 ലെ 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 1 | വാസവൻ, വീ.എസ്. ഭവൻ | 120 | 171 | 2020 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 4 | മുരളീധരൻ. എ, യവനിക | 127 | - | നികുതി നിർണയിച്ചിട്ടില്ല |
| 3 | 26 | രത്നമ്മ, പുത്തൻവിളവീട് | 66 | - | നികുതി നിർണയിച്ചിട്ടില്ല |
| 4 | 46 | ഡി. സതീശൻ, ബീന, എ.എൻ.ലാന്റ്, | 148 | 613 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 67 | രാധാകൃഷ്ണൻ നായർ, ആർ. ഐ. നിവാസ് | 104 | - | നികുതി നിർണയിച്ചിട്ടില്ല |
| 6 | 73 | വാമദേവൻ, ദേവ് ഭവൻ | 75 | - | നികുതി നിർണയിച്ചിട്ടില്ല |
| 7 | 91 | വാമദേവൻ,മാധവ വിലാസം | 77 | - | നികുതി നിർണയിച്ചിട്ടില്ല |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 65/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണയം നടത്തേണ്ടതും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19-3 ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

1) താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/ സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 17/251 | ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 15120 | 30240 (2021 ഒന്നാം അർദ്ധ വർഷം മുതൽ) |
| 2 | 18/312 | ഇന്ത്യ ടെലികോം | 5670 | 64866 (2010 ഒന്നാം അർദ്ധ |

| | | | | |
|---|---|---|---|---|
| | | ഇൻഫ്രോ ലിമിറ്റഡ് | | വർഷം മുതൽ) |

2) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻ്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ട, ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാൻ്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | വാർഷിക നികുതി തുക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| 1 | 2/275 | പി.എ.സി ആഡിറ്റോറിയം | ആഡിറ്റോറിയം | 288 $M^2$ | 9072 | 2022 ഒന്നാം അർദ്ധ വർഷം മുതൽ | 9072 |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 55/25.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി കുടിശ്ശിക ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19-4 അനധികൃത കെട്ടിടങ്ങളുടെ വിവരം പൂർണമല്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയ രജിസ്റ്ററിലെ വിവരങ്ങളും അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

A) സഞ്ചയയിൽ ഉൾപ്പെട്ടതും അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതുമായ കെട്ടിടങ്ങളുടെ വിവരം

| **ക്രമ നം.** | **വാർഡ് നമ്പർ/ കെട്ടിട നം.** | **കെട്ടിട ഉടമയുടെ പേര്, വിലാസം** |
|---|---|---|
| 1 | 10/1 UA | മസൂദ്,മദീന മൻസിൽ |
| 2 | 8/1 UA | രാജി, ആർ.എസ്.ഭവൻ |
| 3 | 11/3 Ua | സുധർമ്മിണി, ഞാറവിള വീട് |

B) അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയയിലെ വസ്തുനികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| **ക്രമ നം.** | **വാർഡ് നമ്പർ/ കെട്ടിട നം.** | **കെട്ടിട ഉടമയുടെ പേര്, വിലാസം** |
|---|---|---|
| 1 | 2/18 UA | ജോണി, ചരുവിള വീട് |
| 2 | 2/23 UA | ശശിധരൻ, സിന്ധു.വി, നിരഞ്ജൻ നിവാസ് * |

* സഞ്ചയയിൽ കെട്ടിടത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.61/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണമാക്കേണ്ടതാണ്.

## 1-19-5 കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി നടത്തി പൂർത്തിയാക്കിയിട്ടില്ല. ഡേറ്റാ എൻട്രി ആരംഭിച്ചിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|---|
| 1 | 6 | 711 | ആർ.ജെ.കരുണാനിധി |
| 2 | 6 | 712 | ആർ.ജെ.കരുണാനിധി |
| 3 | 6 | 713 | ആർ.ജെ.കരുണാനിധി |

| | | | |
|---|---|---|---|
| 4 | 6 | 714 | ആർ.ജെ.കരുണാനിധി |
| 5 | 6 | 715 | ആർ.ജെ.കരുണാനിധി |
| 6 | 6 | 716 | ആർ.ജെ.കരുണാനിധി |
| 7 | 6 | 717 | ആർ.ജെ.കരുണാനിധി |
| 8 | 6 | 718 | ആർ.ജെ.കരുണാനിധി |
| 9 | 6 | 719 | ആർ.ജെ.കരുണാനിധി |
| 10 | 6 | 720 | ആർ.ജെ.കരുണാനിധി |
| 11 | 9 | 23 A | മുരളീധരൻ നായർ |
| 12 | 11 | 689 B | അബ്ദുൾ വഹീദ് |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 56/25.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കെട്ടിടങ്ങളുടെ ആധികാരികത പരിശോധിക്കുന്നതാണെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-19-6 വിമുക്ത ഭടൻമാർക്കുള്ള വസ്തു നികുതി ഒഴിവാക്കൽ-അപാകത

1) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം ലഭിച്ച അപേക്ഷ/സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) സഞ്ചയ സോഫ്റ്റ്‌വെയറിൽ 12 മുതൽ 18 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇളവ് കാലയളവുകൾക്ക് ശേഷം നാളിതുവരെ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര്, വിലാസം | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 15/124 | പി.എച്ച് അബ്ദുൾ സലാം, ബിസ്മി | 112 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ 2013 രണ്ടാം അർദ്ധവർഷം വരെ |
| 2 | 18/54 | ഗോപാലകൃഷ്ണകുറുപ്പ്,കാട്ടൂർവീട് | 56 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ (അതിനു ശേഷം ഡിമാന്റ് ഉണ്ടെങ്കിലും നികുതി പിരിച്ചെടുത്തിട്ടില്ല) |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.64/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19-7 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2021-22 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക

പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| Sl No. | Ward No. | Door No. | Owner Details | Receipt ID | Receipt No. | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 1 | 14 | 3 | നസീം/ഷിബിന, ദാറുൽ അമാൻ | 9004820 | 121010100409 | 23/04/2021 | 2021 | 273 |
| 2 | 18 | 507 A | രാജ്കുമാർ&അശ്വതിഗംഗോത്രി | 900697 | 121010100609 | 30/04/2021 | 2021 | 425 |
| 3 | 1 | 956 | ലാൽ, റീന ഭവൻ | 902193 | 121010101596 | 07/09/2021 | 2021 | 304 |
| 4 | 1 | 942 | ജെ. ബഷീർ, മുജീബ് മൻസിൽ | 902571 | 121010101886 | 23/09/2021 | 2021 | 17 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 72/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകത പരിഹരിക്കേണ്ടതും തുടർവർഷങ്ങളിലെ ഡിമാന്റിൽ നിന്ന് പ്രസ്തുത തുക കുറയാനും അതുവഴി നികുതി വരുമാനം കുറയാനും ഇടയായിട്ടില്ല എന്നത് ഉറപ്പാക്കേണ്ടതും ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-19-8 മിസ്സിംഗ് ഡോർ നമ്പർ സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്‌വെയറിൽ 5-ാം വാർഡ് മാത്രം തെരഞ്ഞെടുത്ത് നടത്തിയ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന കെട്ടിട നമ്പരുകൾ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട് കാണുന്നില്ല.

| Sl.No. | Missing Door No. | | |
|---|---|---|---|
| | From | To | Total |
| 1 | 17 | 17 | 1 |
| 2 | 102 | 102 | 1 |
| 3 | 137 | 137 | 1 |
| 4 | 150 | 150 | 1 |
| 5 | 176 | 176 | 1 |
| 6 | 205 | 205 | 1 |
| 7 | 222 | 222 | 1 |
| 8 | 261 | 261 | 1 |
| 9 | 337 | 337 | 1 |
| 10 | 365 | 365 | 1 |
| 11 | 379 | 379 | 1 |
| 12 | 466 | 466 | 1 |
| 13 | 472 | 472 | 1 |
| 14 | 511 | 613 | 103 |
| 15 | 615 | 836 | 222 |
| | | ആകെ | 338 |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.41/24.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-19-9 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപാകതകൾ

2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. കൂടാതെ പെർമിറ്റ് ഫീ ഒടുക്കിയതിന്റെ വിവരങ്ങളും അപേക്ഷ ലഭിച്ച തീയതിയും പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ 30.07.21 മുതലുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റിനായി ലഭിച്ച ചില അപേക്ഷകൾ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| | |

| | |
|---|---|
| A2-447/22/21.01.22 | മല്ലിക.എൻ, കുന്നിൽ വീട് |
| A2-473/22/22.01.22 | വസുമതി.എം, ചരുവിള പുത്തൻവീട് |
| A2-679/22/02.02.22 | കനകോത്തമൻ, വാറവിളരജിസ്റ്റർ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വടക്കുംകര വീട് |

3. രജിസ്റ്റർ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കുകയോ മേലധികാരി സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്യുന്നില്ല.

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.38/23.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വരും വർഷങ്ങളിൽ രജിസ്റ്റർ അപാകത കൂടാതെ എഴുതി സൂക്ഷിക്കുന്നതാണെന്നും ജീവനക്കാരുടെ അഭാവം കാരണമാണ് രജിസ്റ്റർ പൂർത്തിയാക്കാൻ കഴിയാത്തതെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ക്രമ നം. 2 പ്രകാരമുള്ള തുടർനടപടി വിവരം രജിസ്റ്ററിൽ ചേർത്തതായി അറിയിച്ചിട്ടുണ്ട്.

## 1-19-10 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

ലഭ്യമാക്കിയ 2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) ചട്ടം 15 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുവാദം സെക്രട്ടറി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ട കാലയളവ് 30 ദിവസമാണ്. എന്നാൽ മേൽ ചട്ടം അനുശാസിക്കും പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ നം./ലഭിച്ച തീയതി | അപേക്ഷകന്റെ പേര് | ബിൽഡിംഗ് പെർമിറ്റ് തീയതി |
|---|---|---|
| A2-606/22/ 29.01.22 | സുലൈമാൻ, വൈ | 26.05.22 |
| A2-984/22/ 21.02.22 | ഷിബിന.റ്റി.ആർ, ഷിബിനമൻസിൽ | 26.09.22 |
| A2-1239/22/04.03.22 | മനോജ്, മുരളി മന്ദിരം | 05.08.22 |
| A2-1289/22/07.03.22 | സ്വപ്ന, കുമാർ, സ്വർണോദയം | 30.12.22 |
| A2-1018/22/ 23.02.22 | അനിത.ആർ, മുകളിൽപുറത്ത് വീട് | 19.10.22 |

2. ഫയൽ പരിശോധിച്ചതിൽ പല ഫയലുകൾ പ്രകാരം കണക്കാക്കിയ പെർമിറ്റ് ഫീസും (വരവ് വെയ്ക്കുന്ന തുക) സങ്കേതം സോഫ്റ്റ് വെയർ പ്രകാരം ജനറേറ്റ് ചെയ്യുന്ന പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പെർമിറ്റ് ഫീസും (യഥാർത്ഥ ഡിമാന്റ് തുക) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഫയൽ നം. എ2-28/21- ശ്രീ.തുളസീധരൻ, ശ്രീമതി സരസ്വതി അമ്മ എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 118 ച.മീ വിസ്തീർണമുള്ള റെസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നതിന് 7 രൂപ നിരക്കിൽ 826 രൂപ കണക്കാക്കുകയും ടി തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുവദിച്ച പെർമിറ്റ് പ്രകാരം 413 രൂപയാണ് പെർമിറ്റ് ഫീസായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ബി) ഫയൽ നം. എ2-2440/21- ശ്രീ.നിസാമുദ്ദീൻ, സിംഗപ്പൂർ വില്ല യുടെ അടിസ്ഥാനത്തിൽ 46.92 ച.മീ വിസ്തീർണമുള്ള റെസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നതിന് 7 രൂപ നിരക്കിൽ 329 രൂപ കണക്കാക്കുകയും ടി തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുവദിച്ച പെർമിറ്റ് പ്രകാരം 165 രൂപയാണ് പെർമിറ്റ് ഫീസായി ഉൾപ്പെടുത്തിയിട്ടുള്ളത്.

സി) ഫയൽ നം. എ2-5590/21- ശ്രീ.അനിൽകുമാർ, ശ്രീമതി റീജ എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 144.75 ച.മീ വിസ്തീർണമുള്ള റെസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നതിന് 3.5 രൂപ നിരക്കിൽ 507 രൂപ കണക്കാക്കുകയും ടി തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുവദിച്ച പെർമിറ്റ് പ്രകാരം 1014 രൂപയാണ് പെർമിറ്റ് ഫീസായി ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 66/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫീസിനത്തിൽ അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് കൃത്യത ഉറപ്പാക്കേണ്ടതും വരുമാനത്തിൽ കുറവ് വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19-11 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ ചട്ടപ്രകാരമുള്ളതല്ല.

4. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം ക്രമവൽക്കരണം സംബന്ധിച്ച് അനുബന്ധം - J ഫോറത്തിലുള്ള ഒരു രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്രമവത്കരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 12 ൽ ഫോറം 4 പ്രകാരമുള്ള വസ്തുനികുതി നിർണയ രജിസ്റ്റർ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 13 ൽ ഫോറം 8 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിപാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള രജിസ്റ്ററുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2 ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളിൽ കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫാറം നമ്പർ 2 റിട്ടേൺ, വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 60/25.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19-12 നമ്പറിംഗ് ഫയലുകളുടെ പരിശോധന

2021-22 വർഷം നമ്പറിംഗ് അനുവദിച്ച് നികുതി നിർണയം നടത്തിയ ചുവടെ ചേർക്കുന്ന 60 ച.മീറ്റർ വിസ്തീർണത്തിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് ജി.ഒ (എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ കെട്ടിട ഉടമകൾ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടി കെട്ടിടങ്ങൾക്ക് സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | A2-4008/21 | 2/553 A | പുഷ്പമ്മ |
| 2 | A2-3203/21 | 4/306 B | ഷീലകുമാരി.ആർ |
| 3 | A2-3366/21 | 12/91 D | ലേഖ.എസ് |
| 4 | A2-3602/21 | 6/452 C | ലളിത |
| 5 | A2-696/21 | 17/617 A | ഷീലാകുമാരി |
| 6 | A2-2965/21 | 10/251 A | രമണി |
| 7 | A2-4008/21 | 1/7 A | അജിത |
| 8 | A2-4008/21 | 1/412 B | അനിൽകുമാർ |

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 67/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-20-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ 2021-22 വർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള കരാറുകാരുടെ ലിസ്റ്റ്, അവരിൽ 60 ദിവസത്തിൽ കൂടുതൽ കാലം പഞ്ചായത്തിൽ പ്രവൃത്തി നടത്തിയവരും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടവാക്കാത്തവരുമായ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും ഓഡിറ്റ് അന്വേഷണം നം. 44/22.02.23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

## 1-20-2 തൊഴിൽ നികുതി- വിവിധ അപാകതകൾ

1. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല.

എ) പഞ്ചായത്ത് ജീവനക്കാരനായ ശ്രീ.അനിൽ കുമാർ, ഡ്രൈവറിൽ നിന്നും 2021-22 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല.

ബി) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കു വരുത്തിയതിന്റെ രസീത് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | സൗത്ത് ഇൻഡ്യൻ ബാങ്ക്, കല്ലമ്പലം | ഒന്നാം അർദ്ധവർഷം |
| 2 | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 3 | മാവേലി സ്റ്റോർ, ചാത്തൻപാറ | ഒന്നാം അർദ്ധവർഷം |
| 4 | അഹല്യ മണി എക്സ്ചേഞ്ച് | ഒന്നാം അർദ്ധവർഷം |
| 5 | ESSEN GRANITES | ഒന്നാം അർദ്ധവർഷം |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് | ഒന്നാം അർദ്ധവർഷം |
| 7 | എം.എസ് ബിൽഡിംഗ് പ്രോഡക്ട്സ് | ഒന്നാം അർദ്ധവർഷം |
| 8 | അജന്ത ക്രഷർ | ഒന്നാം അർദ്ധവർഷം |

2. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | MMJC സ്കൂൾ, പള്ളിമുക്ക് |
| 2 | ആദംസ് ഡെന്റൽ ക്ലിനിക്, കല്ലമ്പലം |
| 3 | കേരള ഗ്രാമീൺ ബാങ്ക്, കല്ലമ്പലം |

3. സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക്, കല്ലമ്പലം | ഒന്നാം അർദ്ധവർഷം | 6250 | 30.11.22 |

4. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കെ.വി ബ്ലൂ മെറ്റൽസ്, നെല്ലിക്കുന്ന് |
| 2 | അഹാലിയ മണി എക്സ്ചേഞ്ച് |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് |
| 4 | എം.എസ്.ബിൽഡിംഗ് പ്രോഡക്ട്സ് |
| 5 | അജന്ത ക്രഷർ |

5. നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനം മാത്രമാണ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കെ.റ്റി.സി.റ്റി.കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിസ് |
| 2 | കരവാരം എഫ്.എച്ച്.സി |
| 3 | IIFL സമസ്ത ഫിനാൻസ് ലിമിറ്റഡ് |
| 4 | കെ.റ്റി.സി.റ്റി. ഹയർ സെക്കന്ററി സ്കൂൾ |

6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം 2021-22 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ജനാർദ്ദനൻസ് ഡയഗ്നോസ്റ്റിക് സെന്റർ |
| 2 | തണൽ കമ്മ്യൂണിറ്റി ഡയാലിസിസ് സെന്റർ |
| 3 | എ.ആർ ഡെന്റൽ ക്ലിനിക് |
| 4 | ശ്രീ നന്ദനം ആയുർവേദ ആശുപത്രി |

7. 2021-22 വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കൈരളി ജുവലേഴ്സ് | 10 |

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.70/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി

തൊഴിൽ നികുതി സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-21 ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

1. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി 20.01.2017പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ 08.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2021-22 വർഷം ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശവും പ്രത്യേകമായി തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ലഭ്യമാക്കിയിട്ടില്ല.

4. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/20.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ-ടെണ്ടർഫോറം വില പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല

28.09.13 ലെ ജി.ഒ(എം.എസ്) നം.318/2013/തസ്വഭവ പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ 2021-22 വർഷം പഞ്ചായത്തിന് ലഭിക്കാനുള്ള തുക, തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/20.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2020-21, 2021-22 വർഷങ്ങളിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് അയച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എത്രയും വേഗം ടി വർഷങ്ങളിലെ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ

1. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 29704890 രൂപ വകയിരുത്തി 38 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 17 പ്രോജക്റ്റുകൾക്കായി 12076385 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 40.6% ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

2. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 4733284 രൂപ വകയിരുത്തി 13 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 7 പ്രോജക്റ്റുകൾക്കായി 1299401 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 27% ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ പോലും നടപ്പാക്കിയിട്ടില്ല.

ഉദാ. 1. 179/22- ഘടകസ്ഥാപനങ്ങളിൽ എയ്റോബിക് ബിൻ കംമ്പോസ്റ്റ് - 664000 രൂപ

2. 201/22- വെറ്ററിനറി ആശുപത്രി കെട്ടിടത്തിന് റൂഫിംഗ്- 99360 രൂപ

4. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/ തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെ അഭാവത്താൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിരവധി എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്.

5. ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. സെക്യൂരിറ്റി തുക, കരാർ ഒപ്പു വെച്ച തീയതി, കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി എന്നിവ സംബന്ധിച്ച കോളങ്ങളിൽ രേഖപ്പെടുത്തലുകൾ പൂർണമല്ല.

6. നിർമ്മാണ പ്രവൃത്തികൾ മോണിറ്ററിംഗിനും സോഷ്യൽ ഓഡിറ്റിംഗിനും വിധേയമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയ ഡിസ്പ്ലേ ബോർഡുകൾ പ്രവൃത്തി നിർവഹണ വേളയിലും നിർവഹണത്തിനു ശേഷവും പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കണമെന്നും ആയതിനുവേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും വാർഷിക പദ്ധതി തയ്യാറാക്കൽ സംബന്ധമായ 29.01.18ലെ സ.ഉ.(കൈ)നം.11/18/തസ്വഭവ മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പല പ്രോജക്ടുകളിലും അപ്രകാരമുള്ള ഡിസ്പ്ലേ ബോർഡുകൾക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

7. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ എല്ലാ ഫയലുകളിലും പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടില്ല.

8. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ പൂർത്തീകരണ പത്രങ്ങളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

9. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ കരാറുകാരൻ, ആയത് കൈപ്പറ്റുന്ന ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

10. 2021-22 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിന് പുറമെ നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.53/25.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യമായതിനാലാണ് പദ്ധതികൾ നടപ്പാക്കുന്നതിൽ കുറവ് നേരിട്ടതെന്നും ക്രമ നം. 3 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ നിലവിൽ നടപ്പാക്കി വരുന്നതായും അറിയിച്ചിരിക്കുന്നു. മറ്റ് അപാകതകൾ വരും സാമ്പത്തിക വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-24 ടേക്ക് എ ബ്രേക്ക് പ്രോജക്ട് - ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ടേക്ക് എ ബ്രേക്ക് - കമ്മ്യൂണിറ്റി ടോയ്ലെറ്റ് |
| പദ്ധതി നമ്പർ | 193/22 |

| | |
|---|---|
| പദ്ധതി അടങ്കൽ | 90000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>210000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | 90000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>60596 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പഞ്ചായത്ത് ഓഫീസിനു സമീപത്തുള്ള ടോയ്‌ലറ്റ് പുനരുദ്ധരിച്ച് ടേക്ക് എ ബ്രേക്ക് കമ്മ്യൂണിറ്റി ടോയ്‌ലറ്റാക്കി മാറ്റുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പഴയ 2 ടോയ്‌ലറ്റുകൾ പുനരുദ്ധരിക്കുകയും അതിനോട് ചേർന്ന് പുതിയ ഒരു ടോയ്‌ലറ്റ് പണിയുകയുമാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. 300000 രൂപ അടങ്കലുള്ള മേൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം തൻവർഷം 150596 രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ബുക്ക് പ്രകാരം 26.11.21ൽ ആണ് ഫസ്റ്റ് പാർട്ട് ബില്ലായി മേൽ തുക അനുവദിച്ചത്. 24.02.23 നു നടത്തിയ സ്ഥല പരിശോധനയിൽ നാളിതുവരെ ടോയ്‌ലറ്റ് ഉപയോഗിച്ചു തുടങ്ങാത്തതായി കാണപ്പെട്ടു. കൂടാതെ നിലവിലുണ്ടായിരുന്ന 2 പഴയ ടോയ്‌ലറ്റുകളിൽ ഒന്നിന് വാതിൽ സ്ഥാപിച്ചിട്ടില്ലായെന്നും കണ്ടു. ഇപ്രകാരം 01.02.21 ന് ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കി ഉപയോഗക്ഷമമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും നിലവിൽ ഇലക്ട്രിക് കണക്ഷൻ ഇല്ലാത്ത ടോയ്‌ലറ്റുകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.54/25.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതിയിൽ ഇനി പണി പൂർത്തിയാക്കാനുള്ളത് ഡോർ ഫിറ്റു ചെയ്യുന്നതും റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള ടോയ്‌ലറ്റിനു സമീപം ഗ്രാനൈറ്റ് ബെഞ്ച് സ്ഥാപിക്കുന്നതുമാണ്. കരാറുകാരൻ 03.09.22 ന് മരണപ്പെട്ടതിനാലാണ് പണി പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 26.11.21 ന് മറ്റെല്ലാ പണികളും പൂർത്തിയാക്കിയ ടോയ്‌ലറ്റിന് ഒരു ഡോർ സ്ഥാപിക്കാൻ നാളിതുവരെ കഴിഞ്ഞില്ലായെന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്ക്കരിച്ച് എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇലക്ട്രിക് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 തെരുവുവിളക്ക് പുനരുദ്ധാരണം - ചെലവുരേഖകൾ ലഭ്യമല്ല - 294400/-രൂ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 7/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപണികൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 370000/- (വികസന ഫണ്ട് - പൊ.വി) |
| ചെലവ് | 294400/- |
| ബിൽ നം | 83/12.08.21 – 8700/-<br>90/16.08.21 – 18000/-<br>115/23.09.21 – 22500/-<br>139/12.10.21 – 24000/-<br>161/26.10.21 – 35000/-<br>218/23.11.21 – 23100/-<br>239/07.12.21 – 24800/-<br>273/10.01.22 – 53200/-<br>305/21.01.22 – 39600/-<br>369/19.02.22 - 45500/- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. അംഗീകൃത പ്രോജക്ട് രൂപീകരണ ഫോറത്തിൽ പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കുന്നത് എന്നത് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തി നടപ്പാക്കുന്ന രീതി സംബന്ധിച്ച വിവരം ടെണ്ടർ രേഖകളിലോ കരാറിലോ വ്യക്തമാക്കിയിട്ടില്ല. അടാട്ട് മാതൃകയാണ് അവലംബിച്ചിട്ടുള്ളതെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)**17-08-2015-ലെ ജി.2/44274/15-ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ

രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2021-22 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**2)**ഗ്രാമപഞ്ചായത്തിലെ കേടായ തെരുവ് വിളക്കുകളിൽ വാറന്റി കാലാവധിയുള്ള തെരുവ്‌വിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**3)**തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017-ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.ശ്രീജിത്ത് എസ് എന്ന കരാറുകാരനാണ് 2021-22 വർഷം തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

**4)**സർക്കുലർ നമ്പർ 18/19/ ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

**5)**05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6)തെരുവുവിളക്കുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങളുടെ മുൻബാക്കി, ഇഷ്യൂ ചെയ്ത വിവരം, നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററിൽ വ്യക്തമല്ല. വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾ ഉപയോഗിച്ചതായാണ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 294400/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ ഡി.എ3/ 2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-26 SLI പ്രീമിയം നിരക്കുകൾ സർക്കാർ ഉത്തരവിനനുസൃതമായി ഈടാക്കുന്നില്ല

സ.ഉ(പി) 156/2021/ധന/26.11.21 പ്രകാരം എസ് എൽ ഐ പ്രീമിയം നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2022 ഫെബ്രുവരി മാസത്തെ ശമ്പളബില്ലുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ടി ഉത്തരവിൻപ്രകാരം തുക ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേക്കുന്നു

| ക്രമ നം | പേര്/തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ശ്രീ ഫൈസൽ എം<br>ജൂനിയർ സൂപ്രണ്ട് | 62200 | 500 | 1000 |
| 2 | ശ്രീ സന്തോഷ് എസ് ആർ അസിസ്റ്റന്റ് സെക്രട്ടറി | 60700 | 500 | 800 |
| 3 | ശ്രീ ബിജു എസ് അക്കൗണ്ടന്റ് | 49000 | 250 | 800 |
| 4 | ശ്രീമതി സിമി മഹേഷ്, സീനിയർ ക്ലർക്ക് | 42300 | 225 | 800 |
| 5 | ശ്രീമതി ചിത്രപാർവ്വതി, സീനിയർ ക്ലർക്ക് | 41300 | 500 | 800 |
| 6 | ശ്രീ ശ്രീജൻ ബി എസ് , ക്ലർക്ക് | 46700 | 200 | 800 |
| 7 | ശ്രീ രാഹുൽകൃഷ്ണ കെ ആർ, ക്ലർക്ക് | 31100 | 700 | 800 |
| 8 | ശ്രീ വിശാഖ് വി ജി, ക്ലർക്ക് | 28700 | 400 | 800 |
| 9 | ശ്രീ ജെ ജയചന്ദ്രൻ,<br>ഓഫീസ് അറ്റൻഡന്റ് | 41300 | 250 | 800 |
| 10 | ശ്രീ ജയകുമാർ എം, ഓഫീസ് അറ്റൻഡന്റ് | 41300 | 400 | 800 |

തുടർന്നുള്ള കാലയളവിൽ കൃത്യമായി പ്രീമിയം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള നിരക്കുകൾ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പൊതുടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല – തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കൽ എന്ന പദ്ധതി മുഖേന പ്രതിമാസം 149770/- രൂ 2021-22 വർഷത്തെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി അധികൃതരുമായി കുടിവെള്ളടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തന ക്ഷമമമായ ടാപ്പുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം. 6) ലഭ്യമാക്കിയ മറുപടി. വാട്ടർ അതോറിറ്റിയുമായി കത്തിടപാട് നടത്തിയിട്ടുണ്ടെന്നും 2022-23 വർഷത്തിൽ പരിശോധന പൂർത്തിയാക്കി ആവശ്യമില്ലാത്തവ ഒഴിവാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധന അടിയന്തിരമായി പൂർത്തിയാക്കി ഉപയോഗയോഗ്യമായ പൈപ്പുകളുടെ എണ്ണം നിശ്ചയിച്ച് അതിനനുസൃതമായി മാത്രം വെള്ളക്കരം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ദുരിതാശ്വാസനിധി പ്രവർത്തനക്ഷമമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്.

കരവാരം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം ആർക്കും സഹായം അനുവദിച്ചിട്ടില്ല എന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. 18.02.22നു ശേഷം മാത്രമാണ് വരവും ഉണ്ടായിട്ടുള്ളത്.

വിവിധ തരത്തിൽ ദുരിതങ്ങളനുഭവിക്കുന്നവർക്ക് ആശ്വാസമേകാൻ കഴിയുന്ന രീതിയിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

തൻവർഷത്തെ പദ്ധതിനിർവ്വഹണത്തിനായി കമ്മിറ്റി യോഗം ചേർന്നത് രണ്ടു പ്രാവശ്യം മാത്രമാണ്. എല്ലാ യോഗങ്ങളിലും വിവിധ വാങ്ങലുകൾക്ക് കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിക്കുക മാത്രമാണുണ്ടായത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു

## 1-30 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല –3333005 /- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സാക്ഷരതാപദ്ധതി, പോസ്റ്റ് മാറ്റൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ മുതലായ പദ്ധതികൾ പ്രകാരം ആകെ 3333005 /- രൂപ ബന്ധപ്പെട്ട ഏജൻസികളിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | ബിൽ നം./തീയതി | തുക | ഏജൻസി | ആകെ |
|---|---|---|---|---|---|
| 1 | 140 | 297/19.01.22<br>456/16.03.22<br>425/10.03.22 | 9082/-<br>13677/-<br>12666/- | വൈദ്യുതി ബോർഡ് | 35425 |
| 2 | 165 | 311/27.01.22<br>335/8.02.22<br>422/8.03.22<br>507/24.03.22 | 585640/-<br>73450/-<br>722200/-<br>616290/- | വൈദ്യുതി ബോർഡ് | 1997580 |
| 3 | 8 | 46/07.07.21 | 200000/- | ജില്ല പ്ലാനിംഗ് ബോർഡ് | 200000 |
| 4 | 213 | 162/26.10.21 | 1100000/- | സാക്ഷരതാമിഷൻ | 1100000 |
| **ആകെ** | | | **3333005** | | |

തുക ഒടുക്കിയതൊഴിച്ചാൽ മറ്റു പ്രവർത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നത് വ്യക്തമാക്കിയിട്ടില്ല. നിർവ്വഹണ ഏജൻസിയുമായി ഇതു സംബന്ധിച്ച് കത്തിടപാടുകളും നടത്തിക്കാണുന്നില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 രേഖകൾ ഹാജരാക്കിയില്ല – 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ്മിസ്ട്രസ്

പദ്ധതി : 270 /22 പ്രീപ്രൈമറി കുട്ടികൾക്ക് ശിശുസൗഹൃദ ഫർണിച്ചർ

അടങ്കൽ : 104456/- രൂപ (60000 വികസനഫണ്ട് ജനറൽ, 44456 മെയിന്റനൻസ് ഫണ്ട് നോൺറോഡ്)

ചെലവ് : 40000/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺറോഡ്)
ബിൽ നം./ തീയതി :547/30.03.2022

പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് ശിശുസൗഹൃദ ഫർണ്ണിച്ചർ വാങ്ങുന്നതിനായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി പ്രകാരം ബിൽ മുഖേന മാറിയ തുക ചുവടെപ്പറയും പ്രകാരം വിവിധ സ്കൂളുകൾക്ക് വിഭജിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഗവ എൽ പി എസ്, തോട്ടക്കാട് - 5000

ഗവ. എൽ പി എസ്, മേവർക്കൽ - 17500

ഗവ. എൽ പി എസ്, പറക്കുളം - 17500

ടെണ്ടർ/ ക്വട്ടേഷൻ മുഖേന എല്ലാ സ്കൂളിലേക്കുമുള്ള ഫർണിച്ചർ ഒരുമിച്ച് വാങ്ങാതെ ഇപ്രകാരം തുക കൈമാറാനുള്ള കാരണമന്വേഷിച്ചു നൽകിയ എൻക്വയറിക്ക് (നം 18) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ, പ്രസ്തുത തുകയ്ക്കുള്ള ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വാഹനങ്ങളുടെ വിവരങ്ങൾ "VEELS"ൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 58 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 32 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/21.02.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | സെന്റർ നമ്പർ |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 5 | 92,93,98,108,111 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 | 92,93,98,108,111 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 4 | 92,93,98,108 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 8 | 89,98,99,107,108,109,111,112 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 32 | |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 5 | 84,89,91,98,99 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 3 | 89,98,106 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 7 | 82,83,100,103,106,108 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 32 | - |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 12 | 91,92,93,98,99,103,107, 108,109,111,112,113 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 32 | |
| 13 | വൈദ്യുതി ഇല്ലാത്തവ | 4 | 91,92,109,112 |
| 14 | Baby Weighing Machine/Salter Scale/Platform Weighing Scale ഇല്ലാത്തവ | - | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 32 | |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 32 | |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല | |

| | | | |
|---|---|---|---|
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | ഇല്ല | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | ഇല്ല | |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 21 | 82,83,84,85,89.90,91,94,95,96,97, 100,101,102,103,104,105,106,107,110,113 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | ഇല്ല | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 32 | |

1) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. അങ്കണവാടി തലത്തിൽ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ടെന്നും മുന്നോട്ടുള്ള പ്രവർത്തനത്തിൽ ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി.എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കേണ്ടതാണ്. ടി കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതായി അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ കിണർ, ജലസംഭരണി എന്നിവ വൃത്തിയാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

4) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (Iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടക്ക് പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിൽ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടക്കുന്നതെന്നും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

5) സർക്കുലർ നം 31055/ഡിസി2/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. പഞ്ചായത്ത് പരിധിയിലെ 32 അങ്കണവാടികളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ്

സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ, കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പുറമേ നിന്ന് ഓഫീസ് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/21.02.2023) ന് മറുപടിയായി ജാഗ്രതാ സമിതി സ്ഥലപരിമിതി മൂലം

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസ് മുറിയിലാണ് പ്രവർത്തിക്കുന്നതെന്നും ഓഫീസ് നവീകരിക്കുമ്പോൾ ജാഗ്രതാ സമിതിക്കായി ഓഫീസ് മുറി സജ്ജീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മാർഗരേഖ പ്രകാരമുള്ള ഓഫീസ് ജാഗ്രതാസമിതിയ്ക്കായി സജ്ജീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ

സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി സ്പിൽ ഓവറായും, തൻവർഷത്തേയ്ക്കും രൂപീകരിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 222/22 - സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) (സ്പിൽ ഓവർ) | 107250 | 0 |
| 2 | 264/22 -സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) 2 (ന്യൂ) | 172500 | 0 |
| 3 | 12/22 - സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) (ന്യൂ) | 1824000 | 1745000 |

മേൽ പ്രോജക്ടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 15/22.02.2023) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ക്രമ നം. 1 , സ്പിൽ ഓവറായ പ്രോജക്ട് (222/22) പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യാത്തതിന്റെ കാരണം ആവശ്യപ്പെട്ടതിന് മറുപടിയായി മുൻവർഷത്തെ ജില്ലാപഞ്ചായത്ത് വിഹിതമായ 107250/- രൂപയ്ക്കായാണ് പദ്ധതി രൂപീകരിച്ചതെന്നും ടി തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാത്തതിനാലാണ് തുക അനുവദിക്കാൻ സാധിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നമ്പർ സർക്കുലർ പ്രകാരം സ്നേഹസ്പർശം പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും അർഹരായ കുട്ടികൾക്ക് മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ക്രമനം 2,3 എന്നിവ പ്രകാരം രണ്ട് പ്രോജക്ടുകൾ തൻവർഷം രൂപീകരിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തിലെ സ്നേഹസ്പർശം പ്രോജക്ടിലെ ഗ്രാമപഞ്ചായത്ത് വിഹിതമായി കുട്ടികൾക്ക് നൽകാൻ അവശേഷിച്ച തുക അനുവദിക്കുന്നതിനാണ് 264/22 -സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) രൂപീകരിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2022- 23 സാമ്പത്തിക വർഷം സ്പിൽ ഓവറായി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തീ.29.01.2018 പദ്ധതി മാർഗരേഖ ഖണ്ഡിക 5.2.1(4) പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. ഭാവിയിൽ പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി മതിയായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 25.01.19- ലെ ഡി.എ.1/19/2019/തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുന്നതിനും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ സി.ഡി.പി.ഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും അർഹമായ പരമാവധി തുക ലഭ്യമാകുന്ന വിധത്തിൽ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 232/2021-22 |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കൽ |
| അടങ്കൽ | 60000/- വി.ഫ.ജ |
| ചെലവ് | 15912/- |
| ബിൽ നമ്പർ | 141/12.10.21 തുക 3020/-<br>237/07.12.21 തുക 5962/-<br>287/13.01.22 തുക 6930/- |

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് പിക്കപ്പ് വാഹനം ക്വട്ടേഷൻ പ്രകാരം വാടകയ്ക്ക് എടുക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് . 05.09.2021, 07.09.2021, 08.09.2021 തീയതികളിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്ത് MCF -ൽ എത്തിച്ച വകയിലെ വാഹനവാടകയായ 3020/- രൂപ ബിൽ നമ്പർ 141/12.10.21പ്രകാരം ശ്രീ.ഫിറാസ്.എഫ്- ന് (KL16P7364) നൽകിയിട്ടുണ്ട്. 15.11.2021, 17.11.2021, 16.11.2021 തീയതികളിലെ വാഹന വാടകയായി ബിൽ നമ്പർ237/07.12.21 പ്രകാരം 5962/- രൂപയും, 03.01.2022, 04.01.2022,05.01.2022 തീയതികളിലെ വാഹന വാടകയായി ബിൽ നമ്പർ 287/13.01.22 പ്രകാരം 6930/- രൂപയും ശ്രീ.അതുൽ.പി.രാജന് (KL02AL2216) നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേന പ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്തതിന് ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വാഹനം വാടകയ്ക്ക് എടുക്കുന്നതിൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, ക്വട്ടേഷൻ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/22.02.2023) മറുപടിയായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും, ആയതിന് ഭരണസമിതിയുടെ സാധൂകരണം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 ആശ്രയ പദ്ധതി - തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ 75000/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 114/2021-22 |
| പ്രോജക്ടിന്റെ പേര് | ആശ്രയ |
| അടങ്കൽ | 1,50,000/- വി.ഫ.എസ്.സി.പി |
| ചെലവ് | 75000/- |
| ബിൽ നമ്പർ | 516/24.03.2022 തുക 75000/- |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

അഗതിരഹിത കേരളം പദ്ധതിക്കായി 2019-22 ആശ്രയ ലിസ്റ്റിൽ(പട്ടികജാതി) ബിജു, ചരുവിളവീട്,കണ്ണാട്ടുകോണം എന്ന പേരിൽ ഉൾപ്പെട്ട ഗുണഭോക്താവിന്റെ വീട് മെയിന്റനൻസിനായി കുടുംബശ്രീയുടെ 7-ാം വാർഡ് എ.ഡി.എസ് -ന്റെ അക്കൗണ്ടിലേയ്ക്ക് 75000/- രൂപ ( അക്കൗണ്ട് നമ്പർ -40352101122372, കേരള ഗ്രാമീൺ ബാങ്ക്) കൈമാറിയിട്ടുണ്ട്. വാർഡ് 7 – ലെ എ.ഡി.എസ് ചെയർപേഴ്സൺ, എ.ഡി.എസ് സെക്രട്ടറി എന്നിവർ അസിസ്റ്റന്റ് സെക്രട്ടറിയുമായി 10/03/2022 തീയതിയിൽ ചമച്ച കരാർ പ്രകാരം വീട് മെയിന്റനൻസിനായി 1,50,000/- രൂപ എ.ഡി.എസ് അക്കൗണ്ടിലേയ്ക്ക് അനുവദിക്കണമെന്നും ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് പണി പൂർത്തിയാക്കി റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വീട് വാസയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

2. കെട്ടിടത്തിന്റെ കാഴപ്പഴക്കം തെളിയിക്കുന്നതിനുള്ള രേഖകൾ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടില്ല

എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക കുടുംബശ്രീക്ക് കൈമാറിയതിന്റെ കാരണം, തുക എ.ഡി.എസ് -ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ സാഹചര്യത്തിൽ വീട് വാസയോഗ്യമാക്കൽ പ്രവർത്തിക്കായി കുടുംബശ്രീ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/ 23.02.2023) മറുപടിയായി വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി മേൽക്കൂര മാറ്റൽ, ഭിത്തി ബലപ്പെടുത്തൽ പ്രവർത്തികളാണ് ഏറ്റെടുത്തിരുന്നതെന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെന്നും Type Design Work ആയതിനാൽ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക എ.ഡി.എസ് -ന് കൈമാറുകയായിരുന്നുവെന്നും എല്ലാ പ്രവർത്തികൾക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ ലഭിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ടതിന് എ.ഡി.എസി ന് തുക കൈമാറിയത് സംബന്ധിച്ച വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് പണി പൂർത്തിയാക്കിയ റിപ്പോർട്ട് എ.ഡി.എസ് പഞ്ചായത്തിന് സമർപ്പിക്കുന്നതു വരെ ചെലവ് തുകയായ 75000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. പണി പൂർത്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -ചെലവ് രേഖകളുടെ അഭാവത്തിൽ 1,13,635/- രൂപ തടസ്സം

| | | |
|---|---|---|
| പ്രോജക്ട് നം. | 20/21-22 | 145/21-22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (ന്യൂ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (സ്പിൽ ഓവർ) |
| അടങ്കൽ | 400000/- (വി.ഫ.എസ്.സി.പി) | 382554 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 175000/- | 113635/- |
| ബിൽ നമ്പർ | 286/13.01.2022 തുക 100000/-<br>378/21.02.2022 തുക 75000/- | 47/12.07.2021 തുക 91446/-<br>186/08.11.2021 തുക 22189/- |

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 20/21-22, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

1)സബ്സിഡി മാർഗരേഖ പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾക്കാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ജ്യോതിക എസ്.ബി, ഗോപിക.എം എന്നീ വിദ്യാർത്ഥിനികളുടെ വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ താഴെയാണെന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്
( 21/22.02.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ താഴെയാണെന്നുള്ള എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ബി) 145/21-22 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (സ്പിൽ ഓവർ)

ശ്രീ.അനിൽകുമാർ, കാട്ടിൽപുത്തൻവീട്, മേവർക്കൽ എന്നയാളിന്റെ വീടിന്റെ പഠനമുറി നിർമമാണം 1,73,700 രൂപയ്ക്ക് പൂർത്തീകരിച്ചതായുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലായി 22189/- രൂപ ബിൽ നമ്പർ 186/08.11.2021 പ്രകാരം ടിയാന് നൽകിയിട്ടുണ്ട്. പഠനമുറിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ വിസ്തീർണ്ണം രേഖപ്പെടുത്താത്തതിനാൽ വിസ്തീർണ്ണം അനുവദനീയമായതിൽ ( 120 $M^2$) നിന്നും അധികരിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. സ.ഉ(സാധാ) നം. 221/2020/ ത.സ്വ.ഭ.വ തീയതി 28.01.2020 പ്രകാരം പഠനമുറി നിർമ്മാണത്തിന് തുക അനുവദിക്കുമ്പോൾ 50000/- രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75000/- രൂപയുടെ രണ്ട് ഗഡുക്കളായും അനുവദിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.അനിൽകുമാർ. ആർ - ന് ആകെ നൽകിയ തുക സംബന്ധിച്ച വിവരം ഫയലിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ബിൽ നമ്പർ 47/12.07.2021 പ്രകാരമുള്ള 91446/- രൂപയുടെ ചെലവ് വിവരങ്ങളും അനുബന്ധ രേഖകളും ഫയലിൽ ഉൾപ്പെട്ടിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 21/22.02.2023) മറുപടിയായി ശ്രീ.അനിൽകുമാർ.ആർ 24/06/2021-ൽ പണി പൂർത്തിയാക്കിയിരുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടിയാന് ആകെ അനുവദിച്ച തുകയുടെ വിവരം ( ബിൽ നമ്പർ / തീയതി സഹിതം) ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ബിൽ നമ്പർ 186/08.11.2021 പ്രകാരം ഫൈനൽ ബില്ലായി ശ്രീ.അനിൽകുമാർ. ആർ - ന് നൽകിയ 22189/- രൂപയും, ബിൽ നമ്പർ 47/12.07.2021 പ്രകാരമുള്ള 91446/- രൂപയും ഉൾപ്പെടെ ആകെ 113635/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39-1 പട്ടികജാതി വനിതാസ്വയം തൊഴിൽ സംഘത്തിന് ധനസഹായം - 1,70,000/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 86/21-22 |
| പ്രോജക്റ്റിന്റെ പേര് | വനിതാസ്വയം തൊഴിൽ സംഘത്തിന് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 300000<br>(വി.ഫ.എസ്.സി.പി - 250000/-<br>മറ്റുള്ളവ - 50000/-) |
| ചെലവ് തുക | 170000((വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ/ തീയതി / തുക | 434/10.03.2022 തുക 170000/- |

പഞ്ചായത്ത് പ്രദേശത്തെ വനിതാ സ്വയം തൊഴിൽ സംഘത്തിന് വായ്പാ ബന്ധിതമായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായി മൊത്തം പദ്ധതി തുകയുടെ 85% തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംരംഭം തുടങ്ങുന്നതിനാവശ്യമായ തുക ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയും സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് വേണ്ടി ബാങ്കിലേക്ക് അനുവദിക്കുകയുമാണ് ചെയ്യുന്നത്. പ്രോജക്റ്റ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഘ്നേശ്വര സംരംഭക യൂണിറ്റ് ലോൺ ലഭിക്കുന്നതിനായി മതിയായ രേഖകൾ ഹാജരാക്കുകയും , പഞ്ചായത്തിൽ നിന്നും സബ്സിഡിഡി തുക ബാങ്കിലേക്ക് കൈമാറിയതിനും ശേഷം മാത്രം യൂണിറ്റിന് ലോൺ അനുവദിക്കുന്നതാണെന്ന് കേരള ഗ്രാമീൺ ബാങ്ക് കല്ലമ്പലം ബ്രാഞ്ച് മാനേജറുടെ 05.03.2022 -ലെ KGB/KLBLM/352/GEN/1/2022 നമ്പർ കത്ത് പ്രകാരംഅറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 434/10.03.2022 പ്രകാരം സബ്സിഡി തുക 170000/- രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്. അനുവദിച്ച ലോൺ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രൂപ്പിന്റെ ലോൺ പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം സ്വയം തൊഴിൽ സംഘത്തിൽ കുറഞ്ഞത് 5 പേർ ഉണ്ടായിരിക്കണമെന്നും, സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ , മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുതെന്നും ഗ്രൂപ്പ് രൂപീകരിച്ച് 6 മാസത്തിന് ശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വിഘ്നേശ്വര സംരംഭക യൂണിറ്റ് മേൽ നിബന്ധനകൾ ഒന്നും തന്നെ പാലിക്കപ്പെട്ടതായി

ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. വിഘ്നേശ്വര സംരംഭക യൂണിറ്റിൽ 5 അംഗങ്ങൾ ഉൾപ്പെട്ടതായ കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ കാലയളവ് 31.03.2020 വരെയാണ്.

3. വിഘ്നേശ്വര സംരംഭക യൂണിറ്റുമായി അസിസ്റ്റന്റ് സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല.

4. സംരംഭക യൂണിറ്റിൽ ഉൾപ്പെട്ടവരുടെ പേരു വിവരം, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടില്ലാത്തതിൽ പട്ടിക ജാതി സംഘത്തിനാണോ ആനുകൂല്യം അനുവദിച്ചതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സംഘത്തിന് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക്, അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയാണ് സബ്സിഡി തുക ബാങ്കിന് കൈമാറേണ്ടത്. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിച്ചുകൊള്ളാമെന്നുള്ള കരാർ നിർവഹണ ഉദ്യോഗസ്ഥനും ബാങ്ക് മാനേജറുമായി ചമച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 39/23.02.2023) മാർഗരേഖ പ്രകാരം പട്ടികജാതി വനിത സ്വയം തൊഴിൽ സംഘങ്ങൾക്ക് ക്രെഡിറ്റ് ലിങ്ക്ഡ് ബാങ്ക് സബ്സിഡി ആയാണ് വികസന ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നും അനുബന്ധ രേഖകൾ അടുത്ത ഓഡിറ്റ് സമയത്ത് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 1,70,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39-2 പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ ധനസഹായം - 1,50,000/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 92/21-22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 275000(വി.ഫ.എസ്.സി.പി - 200000/-<br>മറ്റുള്ളവ - 75000/-) |
| ചെലവ് തുക | 150000/- (വി.ഫ.എസ്.സി.പി) |
| ബിൽ നമ്പർ/ തീയതി / തുക | 433/10.03.2022 തുക 150000/- |

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നിബന്ധനകൾ സ.ഉ(എം.എസ്) നം 22/2018 ത.സ്വ.ഭ.വ തിയതി 14.02.2018 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളോടൊപ്പം പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക്, ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയാണ് സബ്സിഡി തുക ബാങ്കിന് കൈമാറേണ്ടത്. എന്നാൽ സബ്സിഡി തുക ബാങ്കിന് കൈമാറിയതിന് മേൽവ്യവസ്ഥ പാലിക്കാമെന്നുള്ള കരാറിൽ ബാങ്കുമായി നിർവഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ടിട്ടില്ല.

2. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ച് ആദ്യ ഗഡു പലിശ അടയ്ക്കുന്ന മുറയ്ക്ക് സബ്സിഡി തുക ബാങ്കിന് കൈമാറുന്നതാണെന്ന് 15.01.2022 -ലെ എ1/200/2021 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി, കേരള ഗ്രാമീൺ ബാങ്ക് കല്ലമ്പലം ബ്രാഞ്ച് മാനേജറെ അറിയിച്ചിരുന്നു. ഗുണഭോക്താക്കൾ ലോൺ ലഭിക്കുന്നതിനായി മതിയായ രേഖകൾ ഹാജരാക്കുകയും , പഞ്ചായത്തിൽ നിന്നും സബ്സിഡിഡി തുക ബാങ്കിലേക്ക് കൈമാറിയതിനും ശേഷം മാത്രം യൂണിറ്റിന് ലോൺ അനുവദിക്കുന്നതാണെന്ന് കേരള ഗ്രാമീൺ ബാങ്ക് കല്ലമ്പലം ബ്രാഞ്ച് മാനേജറുടെ 05.03.2022 -ലെ KGB/KLBLM/352/GEN/1/2022 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. തുടർന്ന് ബിൽ നമ്പർ 433/10.03.2022 പ്രകാരം 150000/- രൂപ കേരള ഗ്രാമീൺ ബാങ്ക് കല്ലമ്പലം ബ്രാഞ്ചിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച വിവരം ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

3.പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശ്രീമതി ഗീതുമോൾ എസ്.ജെ, ശ്രീമതി മിനി.എസ്, ശ്രീമതി തനീഷ്യ, ശ്രീമതി ശോഭന എന്നിവർക്ക് അനുവദിക്കേണ്ട ലോൺ തുക, നൽകേണ്ട സബ്സിഡി എന്നിവ സംബന്ധിച്ച വിവരങ്ങൾ 28.01.2022 -ലെ എ1/200/2021 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി കേരള ഗ്രാമീൺ ബാങ്ക് മാനേജർക്ക് കൈമാറിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | അടങ്കൽ തുക | സബ്സിഡി തുക | ഗുണഭോക്താവ് അടയ്ക്കേണ്ട തുക | ബാങ്ക് ലോൺ |
|---|---|---|---|---|
| ഗീതു മോൾ എസ്.ജെ | 70000 | 50000 | 3500 | 16500 |
| മിനി.എസ് | 70000 | 50000 | 3500 | 16500 |
| ശോഭന.സി | 70000 | 50000 | 3500 | 16500 |
| തനീഷ്യ.റ്റി | 70000 | 50000 | 3500 | 16500 |

ബിൽ നമ്പർ 433/10.03.2022 പ്രകാരം 150000/-രൂപയാണ് സബ്സിഡി തുകയാണ് ബാങ്കിന് കൈമാറിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കളിൽ ആർക്കൊക്കെയാണ് ലോൺ അനുവദിച്ചതെന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഓരോ ഗുണഭോക്താക്കൾക്കും അനുവദിച്ച ലോൺ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ലോൺ പാസ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം കുടുംബവാർഷിക വരുമാനപരിധി 300000/- രൂപയിൽ താഴെയാണെന്ന് തെളിയിക്കുന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെട്ടിട്ടില്ല.

6. പദ്ധതി ഗുണഭോക്താവായ തനീഷ്യ പട്ടികജാതി വിഭാഗത്തിലാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് ഫയലിലില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/23.02.2023) മറുപടിയായി വിനിയോഗസാക്ഷ്യപത്രം കേരള ഗ്രാമീൺ ബാങ്ക് മാനേജറിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അനുബന്ധരേഖകൾ അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 1,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 വനിതകൾക്ക് സ്വയം തൊഴിൽ - പദ്ധതികൾ - അപാകങ്ങൾ

പട്ടിക ജാതി വനിതകൾക്ക് / സംഘത്തിന് സ്വയം തൊഴിലിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-40 ബഡ്സ് റീഹാബിലിറ്റേഷന്റെ സെന്ററിന് അംഗീകാരം നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ ഭാഗമായ ബി.ആർ.സി യിൽഅധ്യാപികമാർ, ഹെൽപർ എന്നിവർക്ക് വേതനം നൽകുന്നതിനും, വിദ്യാർഥികൾക്ക് പോഷകാഹാരം നൽകുന്നതിനും, സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിനും, യാത്രാ സൗകര്യത്തിനുമായി തൻവർഷം 994553/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ ഉ നം 44/2013 തസ്വഭവ തീയതി 6-4-2013 ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബി.ആർ.സി യ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട് . സ.ഉ(എം.എസ്)നം. 20/2018/ത.സ്വ.ഭ.വ തീയതി 07.02.2018 ഉത്തരവ് പ്രകാരം നിലവിൽ പ്രവർത്തിച്ചു വരുന്ന ബഡ്സ് സ്കൂൾ / ബി.ആർ.സി യ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേയ്ക്ക് താൽകാലികമായി അംഗീകാരം ലഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/21.02.2023) ന് മറുപടിയായി 21/02/2022 -ന് കരവാരം പഞ്ചായത്ത് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനെ 1955 – ലെ 12-ാം മത് തിരുവിതാംകൂർ - കൊച്ചി സാഹിത്യ , ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നുള്ള അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ബി.ആർ.സി യ്ക്ക് അംഗീകാരം നേടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

സ.ഉ(കൈ) നം. 144/2013/ത.സ്വ.ഭ.വ തീയതി 06/04/2013 പ്രകാരം അംഗീകരിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം പ്രവേശിപ്പിക്കപ്പെടുന്ന കുട്ടിക്ക് കുറഞ്ഞത് ആളോഹരി 30 ചതുരശ്ര അടി എന്ന രീതിയിൽ സ്ഥലം കണക്കാക്കി കുറഞ്ഞത് 750 ചതുരശ്ര അടി വിസ്തീർണ്ണമെങ്കിലുമുള്ള കെട്ടുറപ്പുള്ള ശുചിത്വമായ കെട്ടിടം, കെട്ടിടത്തോടനുബന്ധിച്ച് 6 സെന്റിലധികം ഭൂമി , ചുറ്റുമതിൽ, ഗേറ്റ് എന്നിവ ഉണ്ടാകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം. 20/2018/ തസ്വഭവ തീയതി 07.02.2018 ഉത്തരവ് പ്രകാരം ബഡ്സ് പുനരധിവാസ കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചി മുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി / സ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ബി.ആർ.സി കെട്ടിടത്തിൽ മേൽ നിബന്ധനകളിൽ ഭൂരിഭാഗവും പാലിക്കപ്പെട്ടിട്ടില്ല. 37 വിദ്യാർത്ഥികളുള്ള ബി.ആർ.സിയിൽ വളരെ പരിമിതമായ സ്ഥലസൗകര്യങ്ങളാണുള്ളത്.






ബി.ആർ.സി കളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിലും ആയ വിദ്യാർത്ഥി അനുപാതം 1:15 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണെന്ന നിബന്ധന നിലവിലുള്ള സാഹചര്യത്തിൽ 37 വിദ്യാർത്ഥികളുള്ള ബി.ആർ.സിയിൽ രണ്ട് അധ്യാപകരും ഒരു ആയയുമാണ് നിലവിലുള്ളത്. ബി.ആർ.സി യുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 ഭവനനിർമ്മാണ/ പുനരുദ്ധാരണ പദ്ധതികൾ - നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ ഭവനനിർമ്മാണം, വീട് മെയിന്റനൻസ് എന്നീ പദ്ധതികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) SC വീട് മെയിന്റനൻസ് പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന ആനുകൂല്യം 150000/- രൂ ആണെന്ന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈയിനത്തിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യം 100000/-രൂ മാത്രമാണ്. ഗുണഭോക്താക്കൾ കൂടുതലും ഫണ്ട് കുറവും ആയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് ഇതിന് ലഭ്യമാക്കിയ വിശദീകരണം.

2)മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി രതി ആർ, ശ്രീമതി താര എന്നീ ഗുണഭോക്താക്കൾക്ക് 50,000/-രൂ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ശ്രീമതി താരയ്ക്ക് 39780/-രൂപയ്ക്കുള്ള വാല്യുവേഷൻ ആണ് ലഭിച്ചിട്ടുള്ളത്. ടിയാൾക്ക് 50,000/-രൂ നൽകിയതെങ്ങനെ എന്ന് വ്യക്തമല്ല.

3) SC അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ അജി, ശ്രീ കുട്ടപ്പൻ എന്നീ ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചതായി ഫയലിൽ രേഖയില്ല. ടിയാളുകൾ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തിയാക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഫയലുകളിൽ അറ്റകുറ്റപണികൾ ആരംഭിക്കുന്നതിനു മുൻപുള്ള ഫോട്ടോ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. പല ഫയലുകളിലും എസ്റ്റിമേറ്റും ലഭ്യമല്ല. എന്തൊക്കെ പ്രവൃത്തികളാണ് പദ്ധതി മുഖേന ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) ലൈഫ് പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ഗുണഭോക്താവ് കരാർ വെയ്ക്കുന്ന സമയത്ത് ആദ്യ ഗഡു മുൻകൂറായി നൽകാവുന്നതാണ്. എന്നാൽ ലഭ്യമാക്കിയ ഫയലുകളിൽ കരാർ വെച്ച് ദീർഘമായ ഇടവേളക്ക് ശേഷമാണ് മുൻകൂർ തുക നൽകിയിട്ടുള്ളത്. കരാറുകളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവിനെക്കുറിച്ച് സൂചനയില്ല.

നിലവിലെ മാർഗ്ഗരേഖകളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-43 കുടുംബക്ഷേമ ഉപകേന്ദ്രത്തിന് ടോയ്‌ലറ്റ് നിർമ്മാണം - പണി പൂർത്തിയാക്കിയതിന് ഡോർ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബക്ഷേമ ഉപകേന്ദ്രത്തിന് ടോയ്‌ലറ്റ് നിർമ്മാണം-വാർഡ് 9 |
| സ്പിൽ ഓവർ പദ്ധതി നമ്പർ | 226/22 |
| പദ്ധതി അടങ്കൽ | 400000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 248834 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) |

പ്രോജക്ടിന്റെ ഭാഗമായി 9-ാം വാർഡായ ഞാറയ്ക്കാട്ടുവിളയിൽ സ്ഥിതി ചെയ്യുന്ന കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ 2ടോയ്‌ലറ്റുകൾ, ഒരു ബാത്ത് റൂം എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്. 2020-21 ൽ രൂപീകരിച്ച 400000രൂപ അടങ്കലുള്ള പ്രവൃത്തി സ്പിൽ ഓവറായി 2021-22 വർഷം 248834 രൂപ ചെലവഴിച്ച് 24.03.22ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 25.02.23 നു നടത്തിയ സ്ഥല പരിശോധനയിൽ ബാത്ത്റൂമിനുള്ളിൽ ഘടിപ്പിച്ചിട്ടുള്ള ക്ലോസറ്റിന്റെ ഫ്ലഷ് ടാങ്ക് ഇളകി കിടക്കുന്നതായും അതിന് ഡോർ ഇല്ലായെന്നും കണ്ടു. ഇതു സംബന്ധിച്ചു നൽകിയ റിപ്പോർട്ടിന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇളകി കിടന്ന ഫ്ലഷ് ടാങ്ക് ശരിയാക്കിയതായി അറിയിക്കുകയും ആയത് ഓഡിറ്റിന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാത്ത് റൂമിന് ഡോർ ഇടുന്ന പ്രവൃത്തി കുടുംബക്ഷേമ ഉപകേന്ദ്രത്തിന് ടോയ്‌ലറ്റ് പുനരുദ്ധാരണം എന്ന പദ്ധതിയിൽ പൂർത്തീകരിക്കുന്നതിനായാണ് വകയിരുത്തിയിരിക്കുന്നത് എന്ന മറുപടി തൃപ്തികരമല്ല. 2021-22 വർഷം പണിത ബാത്ത്റൂമിന്റെ ഡോർ സ്ഥാപിക്കുന്നതിന് വരും വർഷങ്ങളിൽ ടോയ്‌ലറ്റ് പുനരുദ്ധാരണം എന്ന പേരിൽ ഒരു പ്രോജക്റ്റ് തയ്യാറാക്കി ചെയ്യുന്നത് നിരുത്തരവാദപരമാണ്. ഒരു ബാത്ത് റൂം/ടോയ്‌ലറ്റ് പണിയുമ്പോൾ അതിനോടൊപ്പം തന്നെയാണ് അതിന്റെ ഡോർ കൂടി പണിയേണ്ടത്. അടിയന്തിരമായി പ്രസ്തുത പ്രവൃത്തി കൂടി പൂർത്തിയാക്കി ടോയ്‌ലെറ്റ് ഉപയോഗപ്രദമാക്കേണ്ടതാണ്.

## 1-44 കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - 114826 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 36/22 |
| പദ്ധതി അടങ്കൽ | 358612 (വികസന ഫണ്ട് പൊതുവിഭാഗം)<br>1241951 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 358612 (വികസന ഫണ്ട് പൊതുവിഭാഗം)<br>1241951 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി വിവിധ ഇൻവോയിസുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആകെ 1600563 രൂപ അനുവദിച്ചിരുന്നു. PRF214/14.05.2021 പ്രകാരം അനുവദിച്ച 15172/- രൂപയുടെ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം തുക അനുവദിച്ചെങ്കിലും മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./ തീയതി | അനുവദിച്ച തുക | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | PRF1505/05.08.21 | 1000000 | 934652 | 65348 | 7/27.08.21 |
| 2 | PRF5376/02.02.22 | 358612 | 340741 | 17871 | 21/18.02.22 |
| 3 | PRF4958/21.01.22 | 226779 | 195172 | 31607 | 22/18.02.22 |
| | | | ആകെ | 114826 | |

114826 രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാനവശേഷിക്കുന്നു.

ബി) മരുന്ന് പർച്ചേസിന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പകരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതി 17.11.21 ആണ്. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുൻപായി തന്നെ 1015172 രൂപയുടെ പ്രൊഫോർമ ഇൻവോയിസുകൾ വാങ്ങി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ടി തുക അനുവദിക്കുകയും മരുന്ന് പർച്ചേസ് ചെയ്യുകയും ചെയ്തിരിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.24/22.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 114826 രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-45 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - അവലോകനം

| | |
|---|---|
| 2021 - '22 സാമ്പത്തിക വർഷത്തിൽ തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം – 6056<br>അംഗങ്ങൾ -10364 |
| 2021 - '22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-2057<br>തൊഴിലാളികൾ-2322 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-2142<br>തൊഴിലാളികൾ-2435 |
| 100 ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | - |
| തൊഴിൽ കാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നൽകാനാകാതെ തൊഴിൽ രഹിത വേതനം നൽകേണ്ടി വന്നവ | - |
| ബാങ്ക് അക്കൌണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | 320 |
| 14 ദിസവത്തേക്ക് ഒന്നിച്ച് ഡിമാന്റ് ചെയ്തവരുടെ എണ്ണം | 1718 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങലുടെ എണ്ണം | 308 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങലുടെ എണ്ണം | 165 |
| ആവശ്യമായ തൊഴിൽ ദിനങ്ങൾ നിർദേശിച്ച അയൽക്കൂട്ടങ്ങൾ | 165 |
| ആകെ വാർഡുകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമ സഭകളുടെ എണ്ണം | 18 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1415 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 363 |

| | |
|---|---|
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 289 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 77.28 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാസരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 155425 |
| പരാതി രജിസ്റ്റർ പരിപാലനം | Yes |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൌകര്യങ്ങൾ | Yes |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | Yes |
| അയൽക്കൂട്ടം,ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | - |
| ആസ്തി രജിസ്റ്റർ | Yes |
| ലേബർ കംപോണന്റ് | 47770191 |
| മെറ്റീരിയൽ കംപോണന്റ് | 6220049.845 |
| ആകെ വരവ് | 54679146.845 |
| ആകെ ചെലവ് | 54679146.845 |

## 1-46 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

2021-'22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തി നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്ക് നൽകിയ തുക (ലക്ഷത്തിൽ) | പ്രവൃത്തി ആരംഭിച്ച ദിവസം |
|---|---|---|---|---|
| 01 | 1614003001/IF/489932 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം രാജീവ് 1/24 | 0.7597 | 02.09.2021 |
| 02 | 1614003001/IF/528552 | വ്യക്തിഗത കിണർ നിർമ്മാണം ഷാനി എസ്സ് 7/259 | 0.3899 | 02.09.2021 |
| 03 | 1614003001/IF/534269 | കാലിത്തൊഴുത്ത് നിർമ്മാണം വിക്രമകുറുപ്പ് - അനില | 0.9111 | 02.09.2021 |
| 04 | 1614003001/IF/520212 | ആട്ടിൻ കൂട് നിർമ്മാണം റാഷിദ് 15/268 | 0.7818 | 03.03.2022 |
| 05 | 1614003001/IF/675741 | കിണർ നിർമ്മാണം ശ്യാമള സി 6/496 | 0.3437 | 04.01.2022 |
| 06 | 1614003001/IF/704791 | ഷൈലജ 16/130 | 1.0158 | 04.01.2022 |
| 07 | 1614003001/IF/472723 | കിണർ നിർമ്മാണം അമ്മിണി 17/5 | 0.4207 | 04.06.2021 |
| 08 | 1614003001/IF/552075 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം സലീന 2/251 | 0.606 | 05.03.2022 |
| 09 | 1614003001/IF/680509 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം സന്ധ്യ 6/488 | 1.005 | 05.03.2022 |
| 10 | 1614003001/IF/536445 | വ്യക്തിഗത കാലിത്തൊഴുത്ത് നിർമ്മാണം ഷൈന 4/79 | 1.1829 | 06.08.2021 |
| 11 | 1614003001/IF/563454 | കാലിത്തൊഴുത്ത് നിർമ്മാണം സതി പ്രകാശ് 5/317 | 0.6729 | 06.08.2021 |

| | | | | |
|---|---|---|---|---|
| 12 | 1614003001/IF/531709 | കംപോസ്റ്റ് പിറ്റ് തുളസീധരൻ പിള്ള 10/100 | 0.3463 | 07.10.2021 |
| 13 | 1614003001/IF/536658 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം ഷിന്റോ സി 48/265 | 1.2047 | 08.09.2021 |
| 14 | 1614003001/IF/552770 | ഉഷാ കുമാരി അമ്മ 1/124 | 1.0952 | 08.09.2021 |
| 15 | 1614003001/IF/563466 | സോക്ക് പിറ്റ് നിർമ്മാണം മധു 6/484 | 0.1159 | 08.09.2021 |
| 16 | 1614003001/IF/515878 | കാലിത്തൊഴുത്ത് നിർമ്മാണം ശാന്തമ്മ 11/31 | 1.2474 | 09.09.2021 |
| 17 | 1614003001/IF/532331 | കോഴിക്കൂട് നിർമ്മാണം ശ്യാമള 10/140 | 0.4518 | 10.08.2021 |
| 18 | 1614003001/IF/525117 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം അനിഷ ഷിനോദ് 9/313 | 1.7398 | 11.03.2022 |
| 19 | 1614003001/IF/585814 | വ്യക്തിഗത കിണർ നിർമ്മാണം അൻസിയ 4/5 | 0.5024 | 11.03.2022 |
| 20 | 1614003001/IF/715123 | ആട്ടിൻ കൂട് നിർമ്മാണം ശ്രീല ഡി 5/465 | 0.6627 | 13.01.2022 |
| 21 | 1614003001/IF/546435 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം ശ്രീലത എൽ ബി 8/9 | 1.2051 | 13.07.2021 |
| 22 | 1614003001/IF/548937 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം അനൂപ് 6/78 | 1.0033 | 13.10.2021 |
| 23 | 1614003001/IF/494010 | വ്യക്തിഗത കിണർ നിർമ്മാണം സന്ധ്യ കുമാരി 7/265 | 0.3337 | 14.02.2022 |
| 24 | 1614003001/IF/43368 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം റെജി 5/331 | 1.4755 | 14.02.2022 |
| 25 | 1614003001/IF/589137 | വ്യക്തിഗത കിണർ നിർമ്മാണം ഗോപിനാഥൻ ആശാരി 5/469 | 0.6224 | 14.02.2022 |
| 26 | 1614003001/IF/611632 | കോഴിക്കൂട് നിർമ്മാണം മുനീറാ ബീഗം 4/264 | 1.9054 | 14.02.2022 |
| 27 | 1614003001/IF/692568 | കംപോസ്റ്റ് പിറ്റ് നിർമ്മാണം വിമല എൻ | 0.2042 | 14.02.2022 |
| 28 | 1614003001/IF/550689 | കാലിത്തൊഴുത്ത് നിർമ്മാണം താജുന്നിസ ബീവി 4/253 | 0.9403 | 14.03.2022 |
| 29 | 1614003001/IF/543374 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം ലിജ 1/334 | 1.7504 | 14.12.2021 |
| 30 | 1614003001/IF/585868 | സോക്ക് പിറ്റ് നിർമ്മാണം ഹൻസ 3/224 | 0.1276 | 14.12.2021 |
| 31 | 1614003001/IF/514895 | സോക്ക് പിറ്റ് നിർമ്മാണം ഓമന എസ് | 0.1167 | 15.02.2022 |
| 32 | 1614003001/IF/517846 | ആട്ടിൻ കൂട് നിർമ്മാണം നസീറാ ബീവി 15/27 | 0.5249 | 15.03.2022 |
| 33 | 1614003001/IF/528561 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം സൂരജ 8/306 | 1.1115 | 15.06.2021 |
| 34 | 1614003001/IF/541421 | സോക്ക് പിറ്റ് നിർമ്മാണം സബിത കെ പി 10/15 | 0.1178 | 15.09.2021 |
| 35 | 1614003001/IF/532020 | ആട്ടിൻ കൂട് നിർമ്മാണം അശോകൻ 12/455 | 1.0204 | 16.03.2022 |
| 36 | 1614003001/IF/514902 | വ്യക്തിഗത സോക്ക് പിറ്റ് നിർമ്മാണം സുമതി 1/21 | 0.1267 | 16.09.2021 |
| 37 | 1614003001/IF/324695 | കൂടത്തൈ നിർമ്മിച്ച് നഴ്സറി രൂപീകരണം വാർഡ് 3 | 2.1835 | 18.12.2021 |
| 38 | 1614003001/IF/681666 | കിണർ നിർമ്മാണം സൈദ എൻ എസ് | 0.4683 | 20.10.2021 |
| 39 | 1614003001/IF/552644 | സോക്ക് പിറ്റ് നിർമ്മാണം സുശീല അമ്മ 5/31 | 0.123 | 22.10.2021 |
| 40 | 1614003001/IF/692531 | കോഴിക്കൂട് നിർമ്മാണം ലീലാവതി അമ്മ 2/183 | 0.6933 | 22.10.2021 |
| 41 | 1614003001/IF/523676 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം ബേബി / രാധാമണി 1/15 | 0.9205 | 23.06.2021 |

| | | | | |
|---|---|---|---|---|
| 42 | 1614003001/IF/523287 | സോക്ക് പിറ്റ് നിർമ്മാണം ശശി | 0.1198 | 23.10.202 |
| 43 | 1614003001/IF/541741 | വ്യക്തിഗത ആട്ടിൻ കൂട് നിർമ്മാണം ഉമൈബ ബീവി / അബ്ബാസ് 3/41 | 1.1752 | 24.12.2021 |
| 44 | 1614003001/IF/549830 | കാലിത്തൊഴുത്ത് നിർമ്മാണം ബാലകൃഷ്ണൻ നായർ | 1.4896 | 24.12.2021 |
| 45 | 1614003001/IF/551358 | രേണുക സജീവ് 6/180 | 1.0115 | 24.12.2021 |
| 46 | 1614003001/IF/427543 | കാലിത്തൊഴുത്ത് നിർമ്മാണം എം എസ് ഷാജി | 1.0775 | 25.02.2022 |
| 47 | 1614003001/IF/681584 | കോഴിക്കൂട് നിർമ്മാണം തങ്കമണി 18/86 | 0.4276 | 25.02.2022 |
| 48 | 1614003001/IF/538087 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം സുരേഷ്1/38 | 0.9893 | 26.06.2021 |
| 49 | 1614003001/IF/537572 | കംപോസ്റ്റ് പിറ്റ് നിർമ്മാണം സിദ്ധാർത്ഥൻ 6/293 | 0.2651 | 26.10.2021 |
| 50 | 1614003001/IF/623293 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം മല്ലിക / പുരുഷോത്തമൻ | 0.9629 | 26.10.2021 |
| 51 | 1614003001/IF/495792 | വ്യക്തിഗത കാലിത്തൊഴുത്ത് നിർമ്മാണം വിജയ കുമാരി18/82 | 1.3889 | 27.07.2021 |
| 52 | 1614003001/IF/501955 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം വിഷ്ണു ദാസ് 7/183 | 1.0961 | 28.07.2021 |
| 53 | 1614003001/IF/533642 | വ്യക്തിഗത കോഴിക്കൂട് നിർമ്മാണം ഉഷ കെ6/498 | 1.001 | 28.07.2021 |
| 54 | 1614003001/IF/552354 | സോക്ക് പിറ്റ് നിർമ്മാണം സരള 5/93 | 0.1833 | 28.07.2021 |
| 55 | 1614003001/IF/692521 | കിണർ നിർമ്മാണം ഇന്ദിരാമ്മാൾ 17/81 | 0.6148 | 29.01.2022 |
| 56 | 1614003001/IF/533870 | വ്യക്തിഗത കിണർ നിർമ്മാണം ലക്ഷ്മി 1/308 | 0.3977 | 29.06.2021 |
| 57 | 1614003001/IF/558803 | കോഴിക്കൂട് നിർമ്മാണം ശാരദ 5/464 | 0.1276 | 29.09.2021 |

2021-'22 സാമ്പത്തിക വർഷത്തിലെ പൂർത്തീകരിക്കാനുള്ള 57 പ്രവൃത്തികളിൽ 43 എണ്ണം ജിയോ ടാഗ് അപ്ലോഡ് ചെയ്യാനുള്ളതാണെന്നും 5 എണ്ണം മെറ്റീരിയൽ ഫണ്ട് ലഭ്യമാകാനുണ്ടെന്നും, 9 എണ്ണം കംപ്ലീഷൻ നൽകിയ വർക്കുകളുമാണെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ജിയോ ടാഗ് രണ്ടാം ഘട്ടം ഫോട്ടോ അപ്‌ലോഡ് ചെയ്യുവാനുള്ള 43 പ്രവർത്തികളിൽ മാർച്ച് രണ്ടിന് മുൻപ് ജിയോ ടാഗ് ചെയ്ത് പൂർത്തിയാക്കുമെന്ന് മറുപടി നൽകി. മെറ്റീരിയൽ ഫണ്ട് ലഭ്യമാകാനുള്ള 5 പ്രവർത്തികളിൽ മെറ്റീരിയൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

## 1-47 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ അനുവദിച്ചിരുന്ന തുക അധികരിച്ച് ചെലവ് ചെയ്തു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഒരോ പ്രവൃത്തിക്കും അനുവദിച്ചിരുന്ന തുക അധികരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവ് ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1614003001/ I F/554982 | ലൈഫ് ഭവന പദ്ധതി (ശീതള 2/18) | 0.2675 | 0.2678 |
| 1614003001/I F/585844 | ലൈഫ് ഭവന പദ്ധതി (തങ്കമണി 2/284) | 0.2619 | 0.2799 |
| 1614003001/I F/IAY/140010 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1125561 | 0.2619 | 0.2677 |
| 1614003001/I F/IAY/140010 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1169888 | 0.2619 | 0.2711 |
| 1614003001/I F/563254 | ലൈഫ് ഭവന പദ്ധതി (ഓമന 16/286) | 0.2619 | 0.2626 |
| 1614003001/I F/IAY/139983 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1139018 | 0.2619 | 0.2626 |
| 1614003001/DP/322880 | W 11 നീർത്തട പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ അതിര് നിർമ്മാണവും തട്ട് തിരിക്കലും | 1.7356 | 1.7494 |

| | | | |
|---|---|---|---|
| 1614003001/I F/IAY/139978 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1096436 | 0.2619 | 0.2695 |
| 1614003001/I F/IAY/139997 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1138090 | 0.2619 | 0.2715 |
| 1614003001/DP/319858 | സമഗ്ര പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ കോണ്ടൂർ ബണ്ടുകൾ, കൽത്തടയിണകൾ നിർമ്മാണം | 2.8829 | 2.9156 |
| 1614003001/I F/IAY/140024 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1156265 | 0.2619 | 0.2633 |
| 1614003001/I F/58544 | ലൈഫ് ഭവന പദ്ധതി (തങ്കമണി 2/284) | 0.2619 | 0.2799 |
| 1614003001/I F/IAY/139983 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1125561 | 0.2619 | 0.2677 |
| 1614003001/I F/IAY/140010 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1169888 | 0.2619 | 0.2711 |
| 1614003001/I F/IAY/563254 | ലൈഫ് ഭവന പദ്ധതി (ഓമന 16/286) | 0.2619 | 0.2626 |
| 1614003001/I F/IAY/1139018 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1139018 | 0.2619 | 0.2626 |
| 1614003001/DP/322880 | W 11 നീർത്തട പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ അതിര് നിർമ്മാണവും തട്ട് തിരിക്കലും | 1.7356 | 1.7494 |
| 1614003001/I F/IAY/139997 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1138090 | 0.2619 | 0.2715 |
| 1614003001/DP/319858 | നീർത്തട സമഗ്ര പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ കോണ്ടൂർ ബണ്ടുകൾ, കൽത്തടയിണകൾ നിർമ്മാണം | 2.8829 | 2.9156 |
| 1614003001/I F/IAY/140024 | പി.എം.എ.വൈ. - ജി- രജി.നം. കെ.എൽ.1156265 | 0.2619 | 0.2633 |

ലൈഫ് ഭവന പദ്ധതി, പി.എം.എ.വൈ. ഭവന പദ്ധതി എന്നീ പ്രവർത്തകൾക്ക് 2021-'22 സാമ്പത്തിക വർഷം 291 രൂപ വേതന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി പ്രവർത്തികൾ 2022-'23 സാമ്പത്തിക വർഷത്തെ 311 രൂപ വേതന നിരക്കിലാണ് പൂർത്തിയാക്കുകയും ചെയ്യേണ്ടി വന്നതിനാലാണ് അനുവദനീയമായ തുകയേക്കാളും അധികരിച്ച് വന്നതെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/2023,22.02.2023) മറുപടിയായി അറിയിക്കുകയുണ്ടായി.

എന്നാൽ, 1614003001/ഡി.പി./322880, 1614003001/ഡി.പി./319858 എന്നീ നീർത്തട പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ അതിരു നിർമ്മാണം എന്നീ പ്രവർത്തികളിൽ ഇപ്രകാരം അധികരിച്ച തുകകൾ അതത് ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിരിക്കയാണ്.

ഒരു പ്രവൃത്തിക്ക് അനുവദിച്ച തുകയേക്കാളും അധികരിച്ച് തുക ചെലവാക്കുന്നത് അംഗീകരിക്കാവുന്നതല്ല. 2021-'22 വർഷം അധികമായി നൽകിയ തുകകൾ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി ജി.എസ്.ടി, ടി.ഡി.എസ് കുറവ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.07.2019 ലെ നം 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം സാധന സാമഗ്രികളുടെ വിതരണക്കാരിൽ നിന്നും 2% ജി.എസ്.ടി. കുറവ് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം അന്തിമ ബിൽ പ്രകാരമുള്ള തുക ജി.എസ്.ടി. തുക വെണ്ടർ/സപ്ലയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന ജി.എസ്.ടി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ജി.എസ്.ടി വകുപ്പിൽ യഥാസമയം ഒടുക്കാവുന്നതുമാണ്.മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് 2021-'22 സാമ്പത്തിക വർഷം എത്ര തുക വെണ്ടർമാർ/സപ്ലയർ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുവരുത്തിയെന്നതിന്റെ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34 / 2023,23.02.2023) മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വരും വർഷങ്ങളിൽ ടി.ഡി.എസ് കൃത്യമായി ഈടാക്കി അടവാക്കേണ്ടതാണ്.

## 1-49 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - 45936 രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 59/22 |

| | |
|---|---|
| പദ്ധതി അടങ്കൽ | 300000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 159922 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് In Drug House Bank SAT Hospital ൽ നിന്നുള്ള പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ആകെ 159922 രൂപ അനുവദിച്ചിരുന്നു. അതിൽ 113986 രൂപയ്ക്കുള്ള മരുന്ന് പർച്ചേസ് നടത്തിയതിന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 45936 രൂപയുടെ മരുന്ന് പർച്ചേസിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ പ്രൊഫോർമ ഇൻവോയിസ് നം. 8260/04.02.22 പ്രകാരമുള്ള 45936 രൂപയുടെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല (തുക അനുവദിച്ചത്-ബിൽ നം.350/16.02.22).

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.36/23.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 45936 രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-50 കുടുംബാരോഗ്യകേന്ദ്രം - ലാബ് തുടർപ്രവർത്തനങ്ങൾ പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യകേന്ദ്രം - ലാബ് തുടർപ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 37/22 |
| പദ്ധതി അടങ്കൽ | 100000 (വികസന ഫണ്ട് പൊതുവിഭാഗം)<br>150000 (തനത് ഫണ്ട്)<br>ആകെ 250000/- |
| പദ്ധതി ചെലവ് | 99998 (വികസന ഫണ്ട് പൊതുവിഭാഗം)<br>115993 (തനത് ഫണ്ട്)<br>ആകെ 215991/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി മുൻ കാലങ്ങളായി ലാബ് ടെക്നീഷ്യനായി വർക്ക് ചെയ്യുന്ന ശ്രീമതി ബിജി.എം.എസ് ന് 2021-22 വർഷത്തിൽ ആകെ 115993 രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പുതുക്കിയ കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) പ്രോജക്ട് പ്രകാരം ആകെ 99998 രൂപയ്ക്ക് ലാബ് റീഏജന്റ്സ് പർച്ചേസ് നടത്തിയതിന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അതിൽ 54676 രൂപ ക്വട്ടേഷൻ മുഖേന തിരഞ്ഞെടുത്ത മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയതും ലാബ് റീഏജന്റ്സ് പൂർണമായും ലഭ്യമായിട്ടുള്ളതുമാണ്. എന്നാൽ ബാക്കിയുള്ള 45322 രൂപ പ്രൊഫോർമ ഇൻവോയിസ് നം.PRF5381/02.02.22 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുള്ളതാണ്. ടി തുകയിൽ 12353 രൂപയുടെ ലാബ് റീഏജന്റ്സ് ഇനിയും ലഭിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.36/23.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും 12353 രൂപയുടെ ലാബ് റീഏജന്റ്സ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-51 സാന്ത്വന പരിചരണം പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണം |
| പദ്ധതി നമ്പർ | 50/22 |
| പദ്ധതി അടങ്കൽ | 1300000 (വികസന ഫണ്ട് പൊതുവിഭാഗം)<br>250000 (തനത് ഫണ്ട്)<br>125000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ആകെ 1675000/- |
| പദ്ധതി ചെലവ് | 1281967 (വികസന ഫണ്ട് പൊതുവിഭാഗം)<br>243803 (തനത് ഫണ്ട്)<br>125000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ആകെ 1650770/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി നേതാജി പ്രിന്റേഴ്സിൽ നിന്നും ക്യാഷ് ബിൽ നം. 1524/30.08.21 പ്രകാരം പർച്ചേസ് ചെയ്ത Home Care Book – 100 എണ്ണം (വില 2500 രൂപ) സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ബിൽ നം.195/10.11.22, തുക – 2500 രൂപ.

ബി) മുൻ കാലങ്ങളായി പാലിയേറ്റീവ് വാഹനത്തിന്റെ ഡ്രൈവറായി വർക്ക് ചെയ്യുന്ന ശ്രീ.ഉണ്ണിക്കൃഷ്ണൻ.റ്റിയ്ക്ക് 2021-22 വർഷത്തിൽ ആകെ 120000 രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പുതുക്കിയ കരാർ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) മരുന്ന് പർച്ചേസിനായി വിവിധ ഇൻവോയിസുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആകെ 1245635 രൂപ അനുവദിച്ചിരുന്നു. PRF 5382 പ്രകാരം അനുവദിച്ച 36998/- രൂപയുടെ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം തുക അനുവദിച്ചതിൽ ഇനിയും മരുന്ന് ലഭിക്കാനുള്ളതായി കാണുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./ തീയതി | അനുവദിച്ച തുക | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | PRF1578/27.08.21 | 920640 | 908843 | 11797 | 9/27.08.21 |
| 2 | PRF5383/02.02.22 | 125000 | 104993 | 20007 | 20/18.02.22 |
| 3 | PRF4914/20.01.22 | 162997 | 159343 | 3654 | 23/18.02.22 |
| | | | ആകെ | 35458 | |

ഡി) മുൻ കാലങ്ങളായി പാലിയേറ്റീവ് നഴ്സായി വർക്ക് ചെയ്യുന്ന ശ്രീമതി അമ്പിളി.എം.എസ് ന് 2021-22 വർഷത്തിൽ മേൽ പ്രോജക്ട് പ്രകാരം വേതനയിനത്തിൽ ആകെ 180300 രൂപയും സാന്ത്വന പരിചരണം എന്ന സ്പിൽ ഓവർ പ്രോജക്ട് നം. 207/22 പ്രകാരം ആകെ 7740 രൂപ ശമ്പള അരിയർ തുകയായും അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പുതുക്കിയ കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം.37/23.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും 35458 രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-52 പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ. 2.6.4- ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

ഖ.2.9.1 - പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്.

ഖ.2.9.2- ഇപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

ഖ.2.9.3- എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.

എന്നാൽ ലഭ്യമാക്കിയ പി.എം.സി രജിസ്റ്റർ പ്രകാരം 2021-22 ൽ 1തവണ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. കൂടാതെ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ മെഡിക്കൽ ഓഫീസർ യഥാസമയം സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. അവലോകന യോഗം നടത്തിയതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/24.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചുക്കൊണ്ട് പാലിയേറ്റീവ് പ്രവർത്തനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-53 വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധന

പി.എച്ച്.സി യുടെ KL-16-Q 3027 നം. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്ക് സംക്ഷിപ്തം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

. അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്ടുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.

. വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

3) വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഫ്യൂവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) ലക്ഷ്യ സ്ഥാനത്ത് ഹാൾട്ട് ചെയ്ത സമയം എത്രയാണെന്ന് ലോഗ് ബുക്കിൽ എഴുതുന്നില്ല.

കൂടാതെ വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ ഒപ്പ് കോളം 6, 8 എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

6) നിർവ്വണ ഉദ്യോഗസ്ഥൻ ലോഗ ബുക്ക് യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

7) ധനകാര്യ വകുപ്പിന്റെ 22.10.2020 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30.11.2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ പി.എച്ച്.സി യുടെ ഉടമസ്ഥതയിലുള്ള KL-16-Q 3027 നം. വാഹനത്തിന്റെ വിവരം രജിസ്റ്റർ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/24.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും വാഹനം സംബന്ധിച്ച വിവരം VEELS"ൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

## 1-54 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ്

2021-22 വർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള അഡ്വാൻസായി 180000 രൂപ ചെക്ക് നം.183298/28.05.21 പ്രകാരം 28.05.21 ന് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിരുന്നു (10000 രൂപ വീതം 18 വാർഡുകൾക്ക് നൽകുന്നതിന്). ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡ് 6,9,15,16 എന്നിവയ്ക്ക് തുക അനുവദിച്ചതിന്റെ ചെലവ് സ്റ്റേറ്റ്മെന്റ്, വൗച്ചറുകൾ എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വാർഡ് 1, 2, 3 എന്നിവയ്ക്ക് തുക അനുവദിച്ചതിനുള്ള ചെലവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ചെലവ് വൗച്ചറുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 71/27.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1, 2 എന്നിവ പ്രകാരം ആകെയുള്ള 7 വാർഡുകൾക്ക് അനുവദിച്ച തുകകളുടെ ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 110150 | കേദാരം സമഗ്ര നെൽകൃഷി 2021-22 | 110150 | 0 |
| | | 0 | 456000 | സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്) | 456000 | 0 |
| | | 0 | 46498 | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (ജനറൽ) | 46498 | 0 |
| | | 0 | 398136 | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (വനിത) | 398136 | 0 |
| | | 225250 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 225250 |
| ആകെ | | 225250 | 1010784 | | 1010784 | 225250 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 702238 | കേദാരം സമഗ്ര നെൽകൃഷി 2021-22 | 702238 | 0 |
| | | 0 | 456000 | സ്നേഹസ്പർശം (മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്) | 456000 | 0 |
| | | 143773 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 143773 |

| ആകെ | | 143773 | 1158238 | | 1158238 | 143773 |
|---|---|---|---|---|---|---|

| | 2020-21 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1289532 | 1010784 | 2300316 | 1010784 | 1289532 | 0 | 1289532 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 143773 | 1158238 | 1302011 | 1158238 | 143773 | 0 | 143773 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കെ.എസ്.ഇ.ബി | 1245771 | 140/22 – ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 35425 | - | 35425 | - | 3278776 |
| | | 165/22 – സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 1997580 | - | 1997580 | - | |
| | | ആകെ | 2033005 | | 2033005 | | |

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്/ തിരികെ ലഭിച്ചത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 8076008 | - | 8076008 | 3559508 | 4516500 | 4516500 |
| കെ.എസ്.ഇ.ബി | 1245771 | 2033005 | 3278776 | - | 3278776 | 3278776 |
| അനർട്ട് | 495000 | - | 495000 | - | 495000 | 495000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 151/2017 LSGD, തീ.31.07.17 | 17003477 | 1520000 | 1745332 | 16778145 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 3,50,02,152 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,88,93,479 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,20,91,680 |
| നീക്കിയിരിപ്പ് | 2,18,03,951 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **41,76,040** |

(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

**ഇല്ല**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2,94,400 | 156100/- ശ്രീമതി.അജില യു.എസ്, സെക്രട്ടറി<br>138300/- ശ്രീ.സന്തോഷ്.എസ്.ആർ, അസിസ്റ്റന്റ് , സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്), |
| 1-30 | 33,33,005 | 1300000/- ശ്രീമതി.അജില യു.എസ്, സെക്രട്ടറി<br>2033005/- ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-31 | 40,000 | ശ്രീമതി പുഷ്കല.ജി.കെ., ഹെഡ്മിസ്ട്രസ് |
| 1-37 | 75,000 | ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി |
| 1-38 ബി | 1,13,635 | 91446 ശ്രീ.എം.ഫൈസൽ, അസി.സെക്രട്ടറി<br>22189 ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി |
| 1-39-1 | 1,70,000 | ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി |
| 1-39-2 | 1,50,000 | ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി |
| **ആകെ** | **41,76,040** | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീമതി.അജില യു.എസ്, സെക്രട്ടറി | - | അറഫ, അയ്യൻകക്കൽ ലെയിൻ, ചെമ്പഴന്തി – 695587 |
| ശ്രീ.സന്തോഷ്.എസ്.ആർ, അസി.സെക്രട്ടറി | സെക്രട്ടറി, കരുണപുരം ഗ്രാമപഞ്ചായത്ത്, ഇടുക്കി | അദ്വൈതം, മുതുക്കുറിഞ്ഞി, അടയമൺ പി.ഒ. |

| | | |
|---|---|---|
| ശ്രീമതി പുഷ്കല.ജി.കെ., ഹെഡ്മിസ്ട്രസ് | വിരമിച്ചു | സംതൃപ്തി, കളമച്ചൽ.പി.ഒ., വാമനപുരം |
| ശ്രീ.എം.ഫൈസൽ, അസി.സെക്രട്ടറി | -- | ശംഭു, നാവായിക്കുളം, കല്ലമ്പലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11<br>2011-12 | കെ.എസ്.എ.റ്റിവി.എം./ ജി.പി. 11/1939/2022 തീയതി 15.10.2022 | 5 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2015-16 | | 4 |
| 2016-17 | | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/445/2019 തീയതി 16.10.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/775/2020 തീയതി 05.10.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/ 1948/2021 തീയതി 26.02.2022 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/749/2022 തീയതി 23.06.2022 | 41 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളര്‍ & ഓഡിറ്റര്‍ ജനറല്‍ നിര്‍ദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്‍ഡേര്‍ഡുകള്‍ക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാര്‍ഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തില്‍ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയര്‍ ക്രമീകരണങ്ങളും പ്രകാരം വര്‍ഷത്തെ വാര്‍ഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോര്‍ട്ടില്‍ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമര്‍ശങ്ങള്‍ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാര്‍ഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയില്‍ അവതരിപ്പിക്കുന്നു എന്ന് ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്‍(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്